# KSSIA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. AUGUST 2024. ₹5.00

VOL. 09 - ISSUE NO. 02 - DATE OF PUBLICATION 25TH AUGUST, 2024 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24





## ഐക്യത്തോടെ ഞങ്ങൾ അഭിവൃദ്ധി പ്രാപിക്കുന്നു



KSIDC

Government of Kerala

Invest Kerala
NATURE. PEOPLE. INDUSTRY.

# INTRODUCING CAMPUS INDUSTRIAL PARKS

*A Revolutionary Initiative by the Kerala Government*
*Envisages 25 Campus Industrial Parks this year*
*Strengthening industry academia linkages*
*Encouraging entrepreneurship and promoting startups among students*

**Support and Funding:**

- Up to ₹1.5 crore for infrastructure development (Campus Industrial Parks)
- Up to ₹1.5 crore for setting up Standard Design Factories

**Eligibility:**

- Institutions with a minimum 5 acres of land
- Minimum 2 acres needed for SDF setup



**Apply Now:**

- *Visit the official web portal of the Industrial and Commerce Directorate.*
- *Submit applications with an NOC from the Higher Education Department.*

***http://industry.kerala.gov.in/***

KERALA STATE INDUSTRIAL DEVELOPMENT CORPORATION LIMITED

Head Office: Keston Road | Kowdiar | Thiruvananthapuram-695003 | Ph No: 0471-2318922 | enquiry@ksidcmail.org
Regional Office: 2nd Floor | Choice Towers | Manorama Junction | Kochi - 16 | Ph: No: 0484-2323010
www.ksidc.org | invest.kerala.gov.in

**KSSiA NEWS**
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION AUGUST 2024 ₹ 5.00

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
P.J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

**State Vice Presidents**
A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

Abraham Kuriakose
Kottayam. ✆ 94470 43445
✉ perfectcorp@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Joint Secretaries**
V.K. Harilal
Alappuzha. ✆ 98472 30058

George Mundakkal
Wayanad. ✆ 94472 95110

B. Jayakrishnan
Thodupuzha. ✆ 94473 30569

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
P. J. Jose.............. ✆ 98460 53553
Rajesh. G ........... ✆ 98957 03837
Thomas Mathew.. ✆ 94470 46411

**Printer & Publisher**
K.P. Ramachandran Nair
✆ 94470 17899

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538

## ഉള്ളടക്കം

➢ തടി അധിഷ്ഠിത വ്യവസായത്തിന് യമുനാ നഗർ നൽകുന്ന പാഠം .............................. 03
➢ യുണിഫൈഡ് ലാന്റ് പോളിസി ഉത്തരവ് വ്യവസായ എസ്റ്റേറ്റുകളിലെ വസ്തു നികുതി ഈടാക്കുന്നത് നിർത്തി വച്ച് കൊണ്ടുള്ള ഉത്തരവ്: കെ.എസ്.എസ്.ഐ.എ. സർക്കാരിനെ അഭിനന്ദിച്ചു ...................... 05
➢ വയനാട് പുനരധിവാസം: വീടുകളും അടിസ്ഥാന സൗകര്യങ്ങളും കെ.എസ്.എസ്.ഐ.എ. ഒരുക്കുന്നു......07
➢ 2022-24 കാലഘട്ടത്തിൽ കെ.എസ്.എസ്.ഐ.എ. കൈവരിച്ച നേട്ടങ്ങൾ............................................ 08
➢ ജി.എസ്.ടി. ചോദ്യോത്തര പംക്തി..............................12
➢ ഇന്ത്യ ഹൊറേക എക്സ്പോ 2024 സന്ദർശക പ്രശംസ നേടി കേരള സ്റ്റാളുകൾ.......................... 14
➢ സംരംഭകർ മറക്കരുത് ഈ നാല് കാര്യങ്ങൾ............ 16
➢ Unified Industrial Land/Building (Allotment & Disposal) Regulations for KINFRA & KSIDC – 2024 .................. 17
➢ കലാലയങ്ങൾ വ്യവസായ സൗഹൃദം കേരളത്തിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിക്ക് തുടക്കമായി ............................................ 18
➢ ഗവൺമെന്റ് ഓർഡർ............................................. 20
➢ ജില്ലാ വാർത്തകൾ.............................................21,22
➢ കേന്ദ്ര ബഡ്ജറ്റ് – പ്രധാന പ്രഖ്യാപനങ്ങൾ............... 21

## എഡിറ്റോറിയൽ

# തടി അധിഷ്ഠിത വ്യവസായത്തിന് യമുനാ നഗർ നൽകുന്ന പാഠം



പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് മരങ്ങൾ മുറിക്കരുതെന്നും മരാധിഷ്ഠിത വ്യവസായങ്ങൾക്ക് ലൈസൻസ് നൽകരുതെന്നും 2002ൽ സുപ്രീം കോടതി വിധിക്കുകയുണ്ടായി. അതിനുശേഷം നാട്ടിൻ പുറങ്ങളിലെ, കാലാവധി കഴിഞ്ഞ പാഴ് മരങ്ങളും, പ്ലാന്റേഷൻ തടികളും ഉപയോഗിച്ചുമാണ് വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ പ്ലാന്റേഷൻ തടികൾ കാലാകാലങ്ങളിൽ മുറിച്ചുമാറ്റി റി പ്ലാന്റ് നടത്തേണ്ടത് ആവശ്യമാണെന്നത് വ്യവസായികളും സർക്കാരും കോടതിയെ ബോധ്യപ്പെടുത്തി. തടിയുടെ ലഭ്യത അനുസരിച്ച് ലൈസൻസ് നൽകാൻ കോടതി അതിന് അനുമതിയും നൽകി. അതോടുകൂടി പ്ലാന്റേഷൻ തടികൾ ലഭ്യമാകുന്ന പല സ്റ്റേറ്റുകളിലും പ്ലൈവുഡ് വിനിയർ ഫാക്ടറികൾ കൂണുകൾ പോലെ ഉയർന്നു പെരുകി. ഹരിയാനയിൽ ലഭ്യമായിരുന്ന പ്ലാന്റേഷൻ ടിംബർ ആയ 'പോപ്ളർ' തടിയുടെ അടിസ്ഥാനത്തിൽ യമുനാ നഗറിൽ ധാരാളം ഫാക്ടറികൾ നിലവിൽ വന്നു. പോപ്ളർ തടികൾ ലഭ്യമാകാതെ വന്നതോടെ യമുനാ നഗറിൽ മാത്രം 351 പ്ലൈവുഡ് വിനിയർ ഫാക്ടറികൾ പ്രവർത്തനം നിലച്ചു. ഇതേ ഗതി വളരെ താമസിയാതെ കേരളത്തിലും സംഭവിക്കാൻ ഇടയുണ്ട്. കാരണം, കേരളത്തിലെ പ്ലാന്റേഷൻ മരമായ റബ്ബർ തടി മാത്രം ഉപയോഗിച്ച് പ്രവർത്തനം നടത്തുന്ന പല ഫാക്ടറികളും പ്രവർത്തിച്ചു വരുന്നത് ലൈസൻസോടെ തന്നെയാണ്. ഇപ്പോഴും പുതിയ ഫാക്ടറികൾക്കായി ലൈസൻസുകൾ നൽകുന്നുമുണ്ട്. മരങ്ങളുടെ ക്ഷാമം കൊടുമ്പിരി കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഹരിയാനയുടെ ഗതി നമ്മുടെ കേരളത്തിൽ സംഭവിക്കാൻ സാധ്യതയുണ്ട്.

ഈ സന്ദർഭത്തിൽ ശുഭസൂചകമായ നല്ലൊരു പദ്ധതിയുമായി നമ്മുടെ അസോസിയേഷന്റെ സെക്ടർ സംഘടനയായ തടി അധിഷ്ഠിത വ്യവസായ സംഘടന SAWMILL OWNERS & PLYWOOD MANUFACTURERS ASSOCIATION (SOPMA), "MELIA DUDIA" എന്ന ശാസ്ത്രീയ നാമത്തിലുള്ള മലവേപ്പ്, കാട്ടുവേപ്പ്, നീം എന്നീ പേരുകളിൽ അറിയപ്പെടുന്ന, ഒരു കോടി വൃക്ഷത്തൈകൾ സൗജന്യമായി കർഷകർക്ക് നൽകുന്നതാണ് പദ്ധതി. ആറേഴ് വർഷത്തിനുള്ളിൽ ഒരു മരത്തിൽ നിന്നും രണ്ട് ടൺ ഓളം ഭാരത്തിൽ തടി കിട്ടും വിധം വളർച്ച എത്തുന്നതാണ് ഈ മരം. കർഷകർക്ക് നല്ലൊരു ആദായ വഴിയും വ്യവസായങ്ങൾക്ക് മരം ലഭ്യത സുഗമമാക്കുകയും ചെയ്യും എന്നതിൽ യാതൊരു സംശയവുമില്ല.

വ്യവസായ വളർച്ചയ്ക്കായി പരമാവധി ശ്രമിക്കുന്ന നമ്മുടെ സർക്കാർ ഫാക്ടറികളുടെയും തൊഴിലിന്റേയും റവന്യുവിന്റേയും നിലനിൽപ്പിനായി മുന്നോട്ടു വന്നാൽ ഭാവിയിലേക്ക് അതൊരു മുതൽക്കൂട്ടായിരിക്കും. ഈ മരങ്ങൾ പ്ലാന്റേഷൻ കോർപ്പറേഷൻ മുഖേനയോ അല്ലെങ്കിൽ ഇതിനായി സർക്കാർഭൂമി, സംഘടനകൾക്കോ വ്യക്തികൾക്കോ വ്യവസായികൾക്കോ കർഷകർക്കോ പാട്ടത്തിന് നൽകുകയോ ചെയ്താൽ മാത്രമേ ഈ വ്യവസായത്തിന് നിലനിൽപ്പ് ഉണ്ടാവൂ. സർക്കാർ മുൻകൈ എടുത്താൽ മാത്രമേ ഇത് സാധ്യമാകൂ. അതേപോലെ പ്ലൈവുഡ് വിനീയർ വ്യവസായത്തിന് പുതിയതായി ലൈസൻസ് നൽകുമ്പോൾ പ്ലാന്റേഷൻ തടിയുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യം സർക്കാർ ഗൗരവപൂർവം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**എസ്. സലിം**
**ചീഫ് എഡിറ്റർ**


iiie
INDIA INTERNATIONAL INDUSTRIAL EXPO
Limited Stalls Available
2024 Dec.
13 14 15
KINFRA INTERNATIONAL EXHIBITION CUM CONVENTION CENTRE
The MSME - PMS Incentive scheme applies to KSSIA members, who also enjoy a 10% discount on stalls.
CAUTION
DANGER
INDIA INTERNATIONAL INDUSTRIAL EXPO 2024
KOCHI I KERALA I INDIA
www.iiie.in
For more details: +91-9947733339 +91-9995139933 info@iiie.in
DEPARTMENT OF INDUSTRIES & COMMERCE
MSME
KSSIA THE KERALA STATE SMALL INDUSTRIES ASSOCIATION
METRO MEDIA



# യുണിഫൈഡ് ലാന്റ് പോളിസി

## ഉത്തരവ് വ്യവസായ എസ്റ്റേറ്റുകളിലെ വസ്തു നികുതി ഈടാക്കുന്നത് നിർത്തി വച്ച് കൊണ്ടുള്ള ഉത്തരവ്: കെ.എസ്.എസ്.ഐ.എ. സർക്കാരിനെ അഭിനന്ദിച്ചു

**പ്രസിഡൻഷ്യൽ റിപ്പോർട്ട്**

സംസ്ഥാനത്തെ വ്യവസായ എസ്റ്റേറ്റുകളിലെ വസ്തു നികുതി ഈടാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നടപടി താല്ക്കാലികമായി നിർത്തി വച്ചു കൊണ്ട് ഉത്തരവിറക്കിയ സർക്കാരിന് കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ അഭിനന്ദിച്ചു. വ്യവസായ വകുപ്പ്, കിൻഫ്രാ, കെ.എസ്.ഐ.ഡി.സി. സിഡ്കോ തുടങ്ങിയ എല്ലാ സർക്കാർ ഏജൻസികളുടെ കീഴിലുള്ള എസ്റ്റേറ്റുകൾക്ക് ഈ ഉത്തരവ് ബാധകമായിരിക്കും. ഈ ഉത്തരവിന് ശാശ്വത പരിഹാരം കാണുന്നതിന് 1994 ലെ പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്യുമെന്നും സർക്കാർ ഉറപ്പ് നല്കിയിട്ടുണ്ട്. നോട്ടിഫൈഡ് ചെയ്ത സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ പരിധിയിലുള്ള എസ്റ്റേറ്റുകളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അധികാരമില്ല. ഇതനുസരിച്ച് വസ്തു നികുതി ഈടാക്കാനും പാടില്ല. എന്നാൽ ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എസ്റ്റേറ്റുകളിലെ വ്യവസായികളിൽ നിന്നും വസ്തു നികുതി ഈടാക്കിയും, നോട്ടീസുകൾ അയച്ചും ഈ മേഖലയിൽ ഒരു അരക്ഷിതാവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ്. ഇതിനെതിരെ വ്യവസായികൾ കോടതി കയറിയിറങ്ങേണ്ടി വരുന്ന ഒരവസ്ഥയ്ക്കും കൂടി അറുതി വരുന്നതാണ് സർക്കാരിന്റെ ഈ തീരുമാനം. കെ.എസ്.എസ്.ഐ.എ. യുടെ ദീർഘനാളത്തെ ആവശ്യം പരിഗണിച്ച് ഇക്കാര്യത്തിൽ ഒരു തീരുമാനം വ്യവസായ വകുപ്പും, തദ്ദേശ സ്വയംഭരണ വകുപ്പും എടുത്തത്.

സംസ്ഥാന സർക്കാരിന്റെ വ്യവസായ ഏജൻസികളായ കെ.എസ്.ഐ.ഡി.സി. യുടെയും, കിൻഫ്രായുടെയും ലാന്റ് അലോട്ട്മെന്റ് പോളിസി പരിഷ്കരിച്ച് ഉത്തരവായ നടപടിയും കെ.എസ്.എസ്.ഐ.എ. സ്വാഗതം ചെയ്യുന്നു. വൻകിട നിക്ഷേപകർ ആദ്യവർഷം പാട്ട തുകയുടെ 10 ശതമാനം അടച്ചാൽ മതിയാകും. രണ്ടു വർഷം മൊറൊട്ടോറിയവും 60 വർഷം പാട്ടകാലാവധിയായും നിശ്ചയിച്ചു. 100 കോടി രൂപയ്ക്ക് മുകളിലുള്ള നിക്ഷേപമാണെങ്കിൽ പാട്ട കാലാവധി 90 വർഷം. 50 മുതൽ 100 കോടി വരെ നിക്ഷേപമുള്ളവർക്ക് 20 ശതമാനവും 100 കോടി രൂപയ്ക്കു മുകളിലുള്ളവർ 10 ശതമാനവും അടച്ചാൽ മതി. ആദ്യ വിഭാഗക്കാർ ബാക്കി 80 ശതമാനം 5 വാർഷിക ഗഡുക്കളായി അടക്കണം. 100 കോടിയ്ക്ക് മേലുള്ളവർ ബാക്കി 90 ശതമാനം 9 വാർഷിക ഗഡുക്കളായി അടച്ചാൽ മതി. പലിശ സഹിതം രണ്ടു വർഷം മൊറൊട്ടോറിയം. സംരംഭകർ ഇടയ്ക്ക് വച്ച് സ്ഥാപനം നിർത്തുകയാണെങ്കിൽ മറ്റൊരു സംരംഭകന് കൈമാറാനും അവകാശികൾക്ക് സംരംഭം കൈമാറാനുമുള്ള അനുകൂല വ്യവസ്ഥയോടു കൂടിയാണ് ഈ പുതിയ ഉത്തരവ്.

കേരള സർക്കാർ വയനാട് ജില്ലയിൽ നിർമ്മിക്കുന്ന ടൗൺഷിപ്പിന്റെ ഭാഗമായി സംസ്ഥാന സംഘടനയും, 14 ജില്ല ഘടകങ്ങളും, 12 സെക്ടർവൈസ് സംഘടനകളും പങ്ക് ചേർന്ന് വീടുകൾ നഷ്ടപ്പെട്ട് അനാഥരായവർക്ക് വീടുകൾ നിർമ്മിച്ച് നല്കാനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനും കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ തീരുമാനിച്ചിരിക്കുകയാണ്. എല്ലാ വ്യവസായികളും ഈ അതിദാരുണമായുണ്ടായ സംഭവത്തിൽ അവരെ കൈ പിടിച്ചുയർത്താൻ ഭാഗവത്താകണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

**എ. നിസാറുദ്ദിൻ**
**സംസ്ഥാന പ്രസിഡന്റ്**

വ്യവസായ സംബന്ധമായ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി പറയുന്നു. കെ.എസ്.എസ്.ഐ.എ. ന്യൂസിലൂടെ വായനക്കാരുടെ പ്രതികരണങ്ങൾ പ്രസിദ്ധീകരിക്കുന്നു.

E-mail: kssianews@gmail.com
kssiastate@gmail.com

MoFPI
MINISTRY OF FOOD PROCESSING INDUSTRIES
GOVERNMENT OF INDIA

PMFME
सूक्ष्म उद्यमों का संबल

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

K-bip

KERALA AGRICULTURAL UNIVERSITY



# ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് വലിയ ഉയരങ്ങൾ താണ്ടാം

## പ്രധാൻ മന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പിഎംഎഫ്എംഇ) പദ്ധതി

**ഓരോ അപേക്ഷകനും ആദ്യാന്ത്യം സമ്പൂർണ കൈത്താങ്ങ് ഉറപ്പാക്കുന്നു**

- **10 ലക്ഷം രൂപ വരെ സബ്സിഡി**
  യോഗ്യമായ പദ്ധതി ചിലവിന്റെ 35% ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡിയായി പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം

- **എസ്.എച്ച്.ജി. അംഗങ്ങൾക്ക് 40,000 രൂപ വരെ ധനസഹായം**
  സ്വയം സഹായ സംഘങ്ങളിലെ ഓരോ അംഗത്തിനും പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും 40000 രൂപ വരെ ധനസഹായം

- **പൊതു അടിസ്ഥാന സൗകര്യത്തിന് 3 കോടി രൂപ വരെ**
  പൊതു അടിസ്ഥാന സൗകര്യത്തിനും മൂലധന നിക്ഷേപത്തിനും എസ്.എച്ച്.ജി., എഫ്.പി.ഒ., സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് 3 കോടി രൂപ വരെ ധനസഹായം

കൂടുതൽ വിവരങ്ങൾക്ക്

**ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെടുക**

**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം - 695033.
ഫോൺ: 91 471 2302774 | ഫാക്സ്: +91 471 2305493
ഇമെയിൽ: industriesdirectorate@gmail.com
വെബ്: www.industry.kerala.gov.in

K-bip

**കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ**
2, വിദ്യാ നഗർ, പൊലീസ് ഗ്രൗണ്ടിന് എതിർവശം,
തൈക്കാട് പി.ഒ., തിരുവനന്തപുരം - 695014.
ഫോൺ: +91 471 2321882 | ഫാക്സ്: +91 471 2322883
ഇമെയിൽ: kbip@keralaindustry.org | വെബ്: www.kbip.org



# വയനാട് പുനരധിവാസം:
## വീടുകളും അടിസ്ഥാന സൗകര്യങ്ങളും കെ.എസ്.എസ്.ഐ.എ. ഒരുക്കുന്നു

**വോയിസ് ഓഫ് ജനറൽ സെക്രട്ടറി**

വയനാട് ജില്ലയിൽ ഉണ്ടായ ഉരുൾപൊട്ടൽ മൂലം നൂറുകണക്കിന് ആളുകൾക്ക് ജീവഹാനി സംഭവിക്കുകയും അതിനേക്കാളുപരി, ആളുകൾ പരിക്കുകളോടെ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന വാർത്ത വളരെ വേദനയോടും ദു:ഖത്തോടുമാണ് കേരള ജനത കാണുന്നത്. നൂറുകണക്കിന് ആളുകൾക്ക് ജീവഹാനിക്ക് പുറമെ അവരുടെ വീടും സ്ഥലവും കച്ചവട സ്ഥാപനങ്ങളും സർവ്വതും ഒഴുകി പോവുകയുണ്ടായി. കേരളത്തെ സംബന്ധിച്ച് ഇത്രയും ആളപായവും നാശനഷ്ടങ്ങളും ഉണ്ടായ അതി ദാരുണമായ ഈ സംഭവം അതിഭയാനകവും ഹൃദയഭേദകവുമാണ്. നാശനഷ്ടങ്ങൾ സംഭവിച്ച് അനാഥരായവരെ പുനരധിവസിപ്പിക്കുന്നതിനും വീടുകൾ വച്ച് നല്കുന്നതിനും നല്ലവരായ മനുഷ്യസ്നേഹികൾ സ്വമേധയാ മുന്നോട്ട് വന്നിട്ടുള്ള കാര്യം ഇവിടെ ഓർമ്മിപ്പിക്കട്ടെ. ഈ മനുഷ്യത്വപരമായ പ്രവർത്തനങ്ങളോട് സഹകരിക്കുകയും പങ്കാളികളാവുകയും ചെയ്യുക എന്നതും വ്യവസായികളായ നമ്മുടെ കടമയും കർത്തവ്യവുമാണെന്ന് പ്രത്യേകം സൂചിപ്പിക്കേണ്ടതില്ലല്ലോ.

വയനാട് ദുരന്ത പുരനരുദ്ധാരണ പ്രക്രിയയിൽ നമ്മുടെ സംഘടനയും ഒട്ടും കുറവില്ലാത്ത പങ്കും നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. വീടുകൾ നഷ്ടപ്പെട്ട് അനാഥരായവർക്ക് വീടുകൾ നിർമ്മിച്ച് നല്കാനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനും കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ തീരുമാനിച്ചിരിക്കുകയാണ്. അനുയോജ്യമായ സ്ഥലം കണ്ടെത്തി സർക്കാർ പദ്ധതികളുമായി സഹകരിച്ച് കൊണ്ടായിരിക്കും ഈ വീട് നിർമ്മാണ പദ്ധതിയിൽ സംഘടന ഭാഗമാകുന്നത്. സംഘടന ഏറ്റെടുത്ത ഈ സംരംഭം പൂർത്തികരിക്കണമെങ്കിൽ വ്യവസായികളിൽ നിന്നും ഉദാരമായ സാമ്പത്തിക സഹായങ്ങൾ ഉണ്ടാകേണ്ടതാണ്. സംഘടനയിലെ അംഗങ്ങളും, അംഗങ്ങൾ അല്ലാത്തവരുമായ വ്യവസായ സംരംഭകർ കഴിയുന്നത്ര സാമ്പത്തിക സഹായങ്ങൾ സംഭാവനയായി ഈ പദ്ധതിയിലേക്ക്, നല്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ കെ.എസ്. എസ്.ഐ.എ. യുടെ സെക്ടർ സംഘടനകളും ഇതിൽ ഭാഗമാകാമെന്ന് സമ്മതിച്ചിട്ടുണ്ട്. സംഭാവനകൾ അസോസിയേഷന്റെ അതാത് ജില്ലാ ഓഫീസുകൾ മുഖാന്തിരമോ സംസ്ഥാന സംഘടനയുടെ വയനാട് റീഹാബിലിറ്റേഷൻ അക്കൗണ്ടിലേക്കോ നല്കാവുന്നതാണ്.

കെ.എസ്.എസ്.ഐ.എ. ഏറ്റെടുത്ത വീട് നിർമ്മാണം പൂർത്തികരിക്കുന്നതിന് എല്ലാ വ്യവസായ സുഹൃത്തുകളും അകമഴിഞ്ഞ സാമ്പത്തിക സഹായങ്ങൾ നല്കി ഈ ജീവകാരുണ്യ പ്രവർത്തനത്തിൽ പങ്കാളികളാകണമെന്ന് എല്ലാ വ്യവസായികളോടും ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

**പി.ജെ. ജോസ്**
**ജനറൽ സെക്രട്ടറി**





# 2022-24 കാലഘട്ടത്തിൽ കെ.എസ്.എസ്.ഐ.എ. കൈവരിച്ച നേട്ടങ്ങൾ

2022 സെപ്റ്റംബർ 29–ാം തിയതിയാണ് മുൻ സംസ്ഥാന പ്രസിഡന്റ് എം. ഖാലീദിന്റെ പക്കൽ നിന്നും ഇപ്പോഴത്തെ ഭരണ സമിതി സംസ്ഥാന സംഘടനയുടെ അധികാരം ഏറ്റെടുത്തത്.

സമാനതകളില്ലാത്ത വ്യവസായ സൗഹൃദ അന്തരീക്ഷത്തിന് സാക്ഷ്യം വഹിക്കുകയാണ് നമ്മുടെ സംസ്ഥാനം. നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്ത് നിക്ഷേപകരെ ആകർഷിക്കുന്നതിനും സംസ്ഥാന സർക്കാർ നടപ്പാക്കുന്ന നടപടികൾ ഇന്ത്യാ രാജ്യത്തിന് തന്നെ മാതൃകയാണ്. സംസ്ഥാനത്തിലെ നിക്ഷേപ വ്യവസായ സൗഹൃദം അടിസ്ഥാനപ്പെടുത്തി കേന്ദ്ര സർക്കാർ ഏജൻസിയുടെ മാനദണ്ഡം അനുസരിച്ച് സംസ്ഥാനത്തെ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ് റാങ്ക് 28 ൽ നിന്നും 15 ലേക്ക് എത്തിയിരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ വ്യവസായ രംഗത്ത് നടപ്പാക്കിയ അനുകൂല നടപടികൾ മൂലം റാങ്കിങ്ങ് സ്ഥാനം ഇനിയും ഉയരാനുള്ള സാദ്ധ്യതയുണ്ട്.

സംസ്ഥാന സർക്കാരിന്റെയും വ്യവസായ വകുപ്പിന്റെയും പ്രവർത്തനങ്ങളുമായി സജീവമായി ഇടപ്പെടുകയും സൃഷ്ടിപരമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നല്കി സംസ്ഥാനത്തിന്റെ നിലവിലുള്ള വ്യവസായ സൗഹൃദം സ്ഥാപിക്കാൻ കെ.എസ്.എസ്.ഐ.എ. യുടെ നിലവിലുള്ള ഭരണ സമിതിയുടെ പങ്ക് പ്രത്യേകം എടുത്തു പറയേണ്ടതാണ്. സർക്കാർ തലത്തിലും ഉദ്യോഗസ്ഥതലത്തിലും നമ്മുടെ സംഘടനയുമായുള്ള പ്രത്യേകിച്ച് ഈ ഭരണ സമിതിയുമായുള്ള ബന്ധവും യശസ്സും അംഗീകാരവും മുമ്പത്തേക്കാൾ കൂടുതലായി മെച്ചപ്പെട്ടിട്ടുണ്ടെന്നുള്ളത് അഭിമാനപൂർവ്വം പറയട്ടെ. വ്യവസായവുമായി ബന്ധപ്പെട്ട് സംഘടനയ്ക്ക് പ്രാതിനിധ്യമുള്ള 30 ഓളം കമ്മിറ്റികളിൽ സംഘടനാഭാരവാഹികൾ പങ്കെടുക്കുകയും വ്യവസായികളുടെ പ്രശ്നങ്ങൾ ഉന്നയിച്ച് പരിഹാരം കാണുന്നതിനും ഈ ഭരണ സമിതി ശ്രമിച്ചിട്ടുണ്ട്. അതുപോലെ വ്യവസായ മേഖലയുടെ പൊതുവായ പ്രശ്നങ്ങളും വ്യക്തിഗത പ്രശ്നങ്ങളും മന്ത്രിമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും ശ്രദ്ധയിലിൽപ്പെടുത്തി പരിഹാരം കാണാനും ശ്രമിച്ചിട്ടുണ്ട്. മാസംതോറും കൂടുന്ന സംസ്ഥാന കമ്മിറ്റിയിലും മൂന്ന് മാസത്തിൽ കൂടുന്ന ജനറൽ കൗൺസിലും മന്ത്രിമാരെയും ഉന്നത ഉദ്യോഗസ്ഥരെയും പങ്കെടുപ്പിക്കുകയും വ്യവസായികളുടെ പ്രശ്നങ്ങൾ അവരുടെ മുമ്പിൽ അവതരിപ്പിക്കുന്നതിനും ഈ ഭരണ സമിതി അവസരം ഒരുക്കിയിട്ടുണ്ട്. ഈ ഭരണ സമിതിയുടെ രണ്ടു വർഷത്തെ കാലയളവിൽ നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി വ്യവസായ മേഖലയ്ക്ക് ഉണ്ടായ ചുരുക്കം ചില നേട്ടങ്ങൾ താഴെ കൊടുക്കുന്നു.

❶ സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിലുള്ള എസ്റ്റേറ്റുകളിൽ ലാന്റ് അലോട്ട്മെന്റ് പോളിസി 2023 ൽ ഉത്തരവായി ഇറക്കി. ലീസ് വ്യവസ്ഥകൾ ഒഴിവാക്കി ഹയർ പർച്ചേസ്/ഔട്ട്റൈറ്റ് പർച്ചേസിലേക്ക് മാറാനും സംരംഭം മറ്റൊരു

വ്യവസായിക്ക് കൈമാറാനും അനുകൂല വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് പുതിയ ഉത്തരവ്. 60 വർഷത്തിലധികം പഴക്കമുള്ള എസ്റ്റേറ്റിലെ വ്യവസായികളുടെ ആവശ്യമാണ് ശാശ്വതമായി പരിഹരിക്കപ്പെട്ടത്. പുതിയ പോളിസിയിലുള്ള ചില ദോഷകരമായ വ്യവസ്ഥകൾ പുനഃപരിശോധിക്കണമെന്ന സംഘടനയുടെ ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്.

2 സംസ്ഥാന സർക്കാരിന്റെ വ്യവസായ ഏജൻസികളായ കെ.എസ്.ഐ.ഡി.സി. യുടെയും, കിൻഫ്രായുടെയും ലാന്റ് അലോട്ട്മെന്റ് പോളിസി പരിഷ്കരിച്ച് ഉത്തരവായി. വൻകിട നിക്ഷേപകർ ആദ്യവർഷം പാട്ട തുകയുടെ 10 ശതമാനം അടച്ചാൽ മതിയാകും. രണ്ടു വർഷം മൊറൊട്ടോറിയവും 60 വർഷം പാട്ട കാലാവധിയായും നിശ്ചയിച്ചു. 100 കോടി രൂപയ്ക്ക് മുകളിലുള്ള നിക്ഷേപമാണെങ്കിൽ പാട്ട കാലാവധി 90 വർഷം. 50 മുതൽ 100 കോടി വരെ നിക്ഷേപമുള്ളവർക്ക് 20 ശതമാനവും 100 കോടി രൂപയ്ക്കു മുകളിലുള്ളവർ 10 ശതമാനവും അടച്ചാൽ മതി. ആദ്യ വിഭാഗക്കാർ ബാക്കി 80 ശതമാനം 5 വാർഷിക ഗഡുക്കളായി അടക്കണം. 100 കോടിയ്ക്ക് മേലുള്ളവർ ബാക്കി 90 ശതമാനം 9 വാർഷിക ഗഡുക്കളായി അടച്ചാൽ മതി. പലിശസഹിതം രണ്ടു വർഷം മൊറൊട്ടോറിയം. സംരംഭകർ ഇടയ്ക്ക് വച്ച് സ്ഥാപനം നിർത്തുകയാണെങ്കിൽ മറ്റൊരു സംരംഭകന് കൈമാറാനും അവകാശികൾക്ക് സംരംഭം കൈമാറാനുമുള്ള അനുകൂല വ്യവസ്ഥയോടു കൂടിയാണ് ഈ പുതിയ ഉത്തരവ്.

3 വ്യവസായ എസ്റ്റേറ്റുകളിലെ സംരംഭകരുടെ വസ്തു നികുതി ഈടാക്കുന്നത് നിർത്തി വെച്ച് കൊണ്ട് സർക്കാർ ഉത്തരവിറക്കി. ഇതിന് ശാശ്വത പരിഹാരം കാണുന്നതിന് 1994 ലെ പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്യുമെന്ന് സർക്കാർ ഉറപ്പ് നല്കിയിട്ടുണ്ട്. എസ്റ്റേറ്റുകളിലെ ആയിരക്കണക്കിന് വ്യവസായികൾക്ക് സാമ്പത്തികമായി വളരെ ആശ്വാസം നല്കുന്ന ഉത്തരവാണിത്.

4 ചെറുകിട വ്യവസായികൾ സാധനങ്ങൾ സപ്ലൈ ചെയ്ത് കഴിഞ്ഞാൽ കരാറു പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ തുക ലഭിച്ചില്ലെങ്കിൽ സാധനം വാങ്ങിച്ച സ്ഥാപനത്തിനെതിരെ കേസ് ഫയൽ ചെയ്ത തുക വസൂലാക്കാനുള്ള നിയമപരമായ അധികാരമുള്ള സമിതിയാണ്. മൈക്രോ സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിലിൽ വരുന്ന പരാതികളുടെ ആധിക്യം കൊണ്ട് സംരംഭകർക്ക് നീതി കിട്ടുവാൻ കാലതാമസം നേരിടുന്നതിനാൽ ഈ കൗൺസിലിൽ 3 സോണുകളായി വിഭജിച്ചു കൊണ്ട് സർക്കാർ ഉത്തരവായി. മൂന്ന് സോണുകളിലായി മൂന്ന് റീജിയണൽ ബെഞ്ച് കമ്മിറ്റികൾ നിലവിൽ രൂപികൃതമായി. തിരുവനന്തപുരം സൗത്ത്സോണും, എറണാകുളം സെൻട്രൽ സോണും, കോഴിക്കോട് നോർത്ത് സോണുമായി തിരിച്ചു. മൂന്ന് സോണിലും സംഘടനയുടെ അതാത് മേഖലയിലെ സംസ്ഥാന വൈസ് പ്രസിഡന്റുമാർ അംഗങ്ങളാണ്. ഒരു കോടി രൂപ വരെയുള്ള കേസുകൾ മേഖല കൗൺസിലിലും, ഒരു കോടിയ്ക്ക് മുകളിലുള്ള കേസുകൾ സംസ്ഥാന സമിതിയും തീർപ്പ് കല്പിക്കും. സംസ്ഥാന സമിതിയിൽ സംസ്ഥാന പ്രസിഡന്റ് അംഗമാണ്. മൂന്ന് സോണുകളിലും എം.എസ്.ഇ.എഫ്.സി. കമ്മിറ്റികൾ കൂടുകയും വ്യവസായികളുടെ കേസുകൾക്ക് അതിവേഗം പരിഹാരം കാണുവാനും സാധിച്ചു.



5 വ്യവസായ സംരംഭകരുടെ പരാതികളിൽ തീർപ്പ് കല്പിക്കുന്നതിന് സംസ്ഥാന ജില്ലാതല കമ്മിറ്റികൾ നിലവിൽ വന്നു. 10 കോടി രൂപ വര നിക്ഷേപമുള്ള കേസുകൾ ജില്ലാതലകമ്മിറ്റിയും 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ളവരുടെ പരാതികൾ സംസ്ഥാന സമിതിയും തീർപ്പ് കല്പിക്കും. 30 ദിവസത്തിനുള്ളിൽ പരാതിയിൽ തീർപ്പ് കല്പിക്കണം. സേവനം നല്കാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയാൽ പ്രസ്തുത ഉദ്യോഗസ്ഥന് ശിക്ഷിക്കാനും ഈ സമിതിയ്ക്ക് അധികാരമുണ്ട്. ഇന്ത്യാരാജ്യത്ത് ഇങ്ങനെയൊരു സംവിധാനുമുള്ള സമിതി കേരളത്തിൽ മാത്രമാണ്.

6 കെ-സിഫ്റ്റ് മുഖാന്തിരം ലൈസൻസ് എടുക്കാൻ റെഡ് കാറ്റഗറി ഒഴിച്ച് 50 കോടി വരെ നിക്ഷേപമുള്ള സംരംഭകർയ്ക്ക് 3 കൊല്ലത്തേക്ക് ശേഷം ലൈസൻസുകൾ എടുത്താൽ മതിയെന്ന് കെ.-സിഫ്റ്റ് സാക്ഷ്യപ്പെടുത്തിയ നമ്പർ താല്ക്കാലിക കെട്ടിട നമ്പറായി പരിഗണിക്കും. ബാങ്ക് വായ്പകൾ, വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും ഈ നമ്പർ ഉപയോഗിക്കാം.

7 വ്യവസായ സംരംഭകരുടെ സംശയങ്ങൾ ദൂരികരിക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ ഉപദേശങ്ങൾ നല്കുന്നതിനും ഡി.ഐ.സി. കേന്ദ്രങ്ങളിൽ എം.എസ്.എം.ഇ. ക്ലിനിക്ക് സംവിധാനമായി. വ്യവസായികൾക്ക് ഈ സംവിധാനം പ്രയോജനപ്പെടുത്താം.

8 മുഖ്യമന്ത്രിയുടെ സംരംഭക വികസന പരിപാടി പദ്ധതി പ്രകാരം 2 കോടി രൂപ വരെ 5 ശതമാനം പലിശയ്ക്ക് വായ്പ ലഭിക്കും. കെ.എഫ്. സി. മുഖാന്തിരം നടപ്പാക്കുന്ന ഈ പദ്ധതിയുടെ ആനുകൂല്യം 5 വർഷത്തേക്ക് ലഭിക്കും. 10 ശതമാനം പലിശയിൽ 3 ശതമാനം സംസ്ഥാന സർക്കാരും 2 ശതമാനം കെ.എഫ്. സി. യും വഹിക്കും.

9 കെ.എസ്.ഐ.ഡി.സി. മിഷൻ 1000 മുഖാന്തിരം വനിതാ സംരംഭകർക്ക് നല്കുന്ന വായ്പ പരിധി 25 ലക്ഷത്തിൽ നിന്നും 50 ലക്ഷമായി ഉയർത്തി. 5 ശതമാനം ആണ് പലിശ. മൊറോട്ടോറിയം 6 മാസത്തിൽ നിന്നും ഒരു വർഷമാക്കി.

10 എം.എസ്.എം.ഇ. കൾ നേരിടുന്ന പ്രവർത്തന മൂലധന സബ്സിഡി മറികടക്കാൻ ട്രെഡ് റിസീവബിൾ ഇലക്ട്രോണിക് ഡിസ്കൗണ്ട് സിസ്റ്റം (TReDS) നടപ്പിലാക്കി. സംരംഭകർക്ക് കൃത്യസമയത്ത് പണമിടപാടുകൾ നടത്തുന്നതിനും ക്രെഡിറ്റ് റിസ്ക് കുറയ്ക്കുന്നതിനും ഈ സംവിധാനം പ്രയോജനപ്പെടും. ബിസിനസ്സിൽ നിന്നും ലഭിക്കുന്ന തുക ലിക്വിഡ് ഫണ്ടായി മാറ്റുന്നതിനും, വ്യവസായികൾ നേരിടുന്ന തടസ്സങ്ങൾ ഒഴിവാക്കുന്നതിനും ഈ പദ്ധതി സഹായകരമാകും.

11 2023- 24 സാമ്പത്തിക വർഷം മുതൽ എം.എസ്.എം.ഇ. കൾക്കായി ഇൻഷുറൻസ് പദ്ധതി സർക്കാർ നടപ്പാക്കി. സംരംഭകരുടെ വാർഷിക പ്രീമിയത്തിന്റെ 50 ശതമാനം പരമാവധി 2500 രൂപ അടച്ചാൽ മതി. 2500 രൂപ സർക്കാർ വഹിക്കും. സ്ഥാപനത്തിന്റെ കെട്ടിടം, യന്ത്ര സാമഗ്രികൾ, സ്റ്റോക്ക് എന്നിവയ്ക്ക് ബാധിക്കാൻ സാദ്ധ്യതയുള്ള അപകടങ്ങൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവയിൽ നിന്നൊക്കെ പരിരക്ഷ നല്കുന്ന ഈ പദ്ധതി 4 ഇൻഷുറൻസ് കമ്പനികളുമായി സഹകരിച്ചുകൊണ്ടാണ് ഈ സ്കീം നടപ്പാക്കുന്നത്.

12 വൈദ്യുതി കുടിശ്ശികക്കാർക്ക് മിതമായ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി.

13 2022 ഒക്ടോബറിന് മുമ്പ് ലൈസൻസുകൾ ഇല്ലാതെ പ്രവർത്തിക്കുന്ന തടിമില്ലുകൾക്ക് ലൈസൻസ് എടുക്കുന്നതിന് അനുമതി ലഭിച്ചു. 2023 നവംബർ 4 മുതൽ 6 മാസത്തേക്കുള്ളിൽ അപേക്ഷ സമർപ്പിച്ചവർക്കാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുക.

14 CGTMSE പ്രകാരമുള്ള സംരംഭകർക്കുള്ള വായ്പ പരിധി 2 കോടിയിൽ നിന്നും 5 കോടിയായി ഉയർത്തി. വായ്പകളിൽ വാർഷിക ഗ്യാരന്റി ഫീസ് ഈടാക്കുന്നതും ഗണ്യമായി കുറച്ചു. 10 ലക്ഷം രൂപ വരെയുള്ള വായ്പയിൽ 0.37 ശതമാനവും, 50 ലക്ഷം വരെയുള്ള വായ്പയ്ക്ക് 0.55 ശതമാനവും, 1 കോടി വരെയുള്ള വായ്പയ്ക്ക് 0.60 ശതമാനവും, 2 കോടി രൂപ വരെയുള്ള വായ്പയ്ക്ക് 1.20 ശതമാനവും, 5 കോടി വരെയുള്ള വായ്പയ്ക്ക് 1.35 ശതമാനവുമായി കുറച്ചു. 2023 മുതൽ ഇതിന് പ്രാബല്യമുണ്ട്.

15 4 വർഷം കൊണ്ട് നിലവിലുള്ള 1000 എം.എസ്.എം.ഇ. കളെ ശരാശരി 100 കോടി വിറ്റുവരവുള്ള സ്ഥാപനങ്ങളുമായി ഉയർത്താൻ മിഷൻ 1000 പദ്ധതി സർക്കാർ പ്രഖ്യാപിച്ചു. ഈ പദ്ധതിയിൽ പ്രത്യേക സബ്സിഡിയും ആനുകൂല്യങ്ങളും ലഭ്യമാകും.

16 കെ.എസ്.എസ്.ഐ.എ. ടെക്നോ സിറ്റിയുടെ പ്രവർത്തനം സജീവമായി നടക്കുന്നു. ഇപ്പോൾ ഒരു ലക്ഷത്തിലധികം രൂപ മാസ വരുമാനം കിട്ടുന്ന വിധം വളരെ മികച്ച രീതിയിൽ കെ.എസ്.എസ്.ഐ.എ. യുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു.

17 എറണാകുളം കാക്കനാടുള്ള കിൻഫ്രാ എസ്റ്റേറ്റിൽ അന്താരാഷ്ട്രാ എക്സിബിഷൻ സെന്ററും കൺവെൻഷൻ സെന്ററും സ്ഥാപിതമായി. അസോസിയേഷന്റെ ദീർഘ നാളത്തെ ഒരാവശ്യമായിരുന്നു ഇത്. സ്വകാര്യ പാർക്കുകൾ സ്ഥാപിക്കാൻ അനുവാദം നല്കണമെന്ന സംഘടനയുടെ ആവശ്യം യാഥാർത്ഥ്യമായി. സംസ്ഥാനത്ത് 27 സ്വകാര്യ പാർക്കുകൾക്ക് അനുമതിയായി. ഏക്കറിന് 30 ലക്ഷം വെച്ച് പരമാവധി 3 കോടി രൂപ അടിസ്ഥാന സൗകര്യ വികസനത്തിന് ഓരോ പാർക്കിനും ലഭിക്കും.

18 സംസ്ഥാന കമ്മിറ്റി ഓഫീസ്സിൽ വച്ച് സംസ്ഥാന ഭാരവാഹികളും, 14 ജില്ലയിലെ പ്രതിനിധികളുമായി മുഖാമുഖം പരിപാടികൾ സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ കെ.എസ്.ഐ.ഡി.സി. മാനേജിങ്ങ് ഡയറക്ടർ എസ്. ഹരി കിഷോർ ഐ.എ.എസ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി ഡോ. എം.എം. ഷീല, കേരള റബ്ബർ ലിമിറ്റഡ് ചെയർ പേഴ്സൺ ശ്രീമതി. ഷീല തോമസ് ഐ.എ.എസ്. (റിട്ടയേഡ്), കാനറാ ബാങ്ക് ജനറൽ മാനേജർ എസ്. പ്രേംകുമാർ, എ. പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്, പ്രിൻസിപ്പൽ സെക്രട്ടറി (ഇൻഡസ്ട്രീസ്), കെ.എസ്.ഇ.ബി. ഉന്നത ഉദ്യോഗസ്ഥന്മാർ, കെ.ആർ. ജ്യോതിലാൽ ഐ.എ.എസ്, അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ്, എൻ.എസ്. പിള്ള ഐ.എ. &

എ.എസ് (റിട്ട), കേരള മാരിടൈം ബോർഡ് ചെയർമാൻ, എം.എസ്.എം. ഇ., ഡി.എഫ്.ഒ., ജോയിന്റ് ഡയറക്ടർ ജി.എസ്. പ്രകാശ്, എന്നിവർ പങ്കെടുത്ത് അംഗങ്ങളുമായി സംവദിച്ചു.

**19** 2022 ഒക്ടോബർ മുതൽ 2024 ആഗസ്റ്റ് വരെ കെ.എസ്.എസ്.ഐ.എ. ന്യൂസ് മുടക്കം കൂടാതെ പ്രസിദ്ധികരിച്ചു. ഏകദേശം 43 ലക്ഷത്തോളം രൂപ പ്രിന്റിങ്ങിനും പോസ്റ്റിങ്ങിനും കൂടി ചിലവായി.

**20** കെ.എസ്.എസ്.ഐ.എ. ഇപ്പോൾ സർക്കാരുമായി നല്ല ഊഷ്മളബന്ധം പുലർത്തികൊണ്ടിരിക്കുകയാണ്. കെ.എസ്.എസ്.ഐ.എ. സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ മിക്കതും സർക്കാരും, വ്യവസായ വകുപ്പും, മറ്റു ഡിപ്പാർട്ട്മെന്റുകളും പരിഗണിക്കുന്നുണ്ട്. നേരത്തെ സംസ്ഥാന സംഘടനയ്ക്ക് 25 കമ്മിറ്റികളിൽ പ്രാതിനിധ്യം ഉള്ളിടത്ത് ഇപ്പോൾ അത് 33 ആയി വർദ്ധിച്ചു.

**21** കെ.എസ്.എസ്.ഐ.എ. കൊടുക്കുന്ന നിവേദനങ്ങൾക്ക് സർക്കാർ തലത്തിൽ നല്ല പ്രാധാന്യം കൊടുത്ത് തന്നെ മിക്കതിനും പരിഹാരം കാണാൻ അവർ ശ്രമിക്കുന്നുണ്ട്. കൂടാതെ മന്ത്രിമാരും ഉദ്യോഗസ്ഥരുമായി വ്യവസായികളുടെ ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും ചർച്ച ചെയ്യാൻ സംസ്ഥാന ഭാരവാഹികൾ പോകുമ്പോഴും നല്ല സമീപനമാണ് ലഭിക്കുന്നത്. ഇത് കെ.എസ്.എസ്.ഐ.എ. യ്ക്ക് എടുത്ത് പറയാൻ പറ്റുന്ന നേട്ടങ്ങളിൽ ഒന്നാണ്.

**22** കെ.എസ്.എസ്.ഐ.എ. ക്ക് ഈ കാലഘട്ടത്തിൽ സാമ്പത്തിക മുന്നേറ്റം കൈവരിക്കാൻ സാധിച്ചു. 2022 സെപ്റ്റംബറിൽ 58 ലക്ഷം ഫിക്സഡ് ഡെപ്പോസിറ്റ് ഉള്ള സ്ഥലത്ത് ഇപ്പോൾ അത് 1 കോടി 10 ലക്ഷമാക്കി വർദ്ധിപ്പിക്കാൻ സാധിച്ചു. കൂടാതെ കെ.എസ്.എസ്.ഐ.എ. യുടെ പേരിൽ സ്വന്തമായി 33 ലക്ഷത്തോളം രൂപ വില വരുന്ന ഒരു വാഹനം വാങ്ങിക്കുവാനും സാധിച്ചു. ഇത് മാറി മാറി വരുന്ന സംസ്ഥാന പ്രസിഡന്റുമാർക്ക് സംഘടന പ്രവർത്തനങ്ങൾ സുഗമമായി നടത്തി കൊണ്ടു പോകുവാനും, സമയ ബന്ധിതമായി എല്ലാ പരിപാടികളിലും പങ്കെടുക്കുന്നതിന് വേണ്ടി ബുദ്ധിമുട്ടില്ലാത്ത സഞ്ചരിക്കാനും വേണ്ടിയാണ്.

**23** കെ.എസ്.എസ്.ഐ.എ. യുടെ കീഴിൽ 12 സംഘടനകൾ അഫിലിയേറ്റഡ് മെമ്പർഷിപ്പ് എടുത്തിട്ടുണ്ട്. ചെറുകിട വ്യവസായികൾക്കു വേണ്ടി നിലനിൽക്കുന്ന കെ.എസ്.എസ്.ഐ.എ. യുടെ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായി ഈ സേവനങ്ങൾ തങ്ങൾക്കു കൂടി ലഭിക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് പലരും നമ്മുടെ സംഘടനയിൽ അംഗത്വം എടുത്തു കൊണ്ടിരിക്കുന്നത്.

**24** കെ.എസ്.എസ്.ഐ.എ.യുടെ നേതൃത്വത്തിൽ വേൾഡ് മെഷിനറി എക്സ്പോ 2024 ൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. കേരളം കണ്ട ഏറ്റവും വലിയ ഒരു മെഷിനറി എക്സ്പോ നടത്തുകയെന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഈ എക്സിബിഷൻ യാഥാർത്ഥ്യമാകുന്നതിലൂടെ കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന്റെ മുഖച്ഛായ തന്നെ മാറുമെന്ന കാര്യത്തിൽ സംശയമില്ല.

**25** കെ.എസ്.എസ്.ഐ.എ.യുടെ ശക്തിയെന്നത് ആ സംഘടനയുടെ അംഗബലമാണ്. അംഗസംഖ്യ കൂടുന്നതനുസരിച്ച് നമുക്ക് ഉണ്ടാകുന്ന നേട്ടങ്ങളും വളരെ വലുതായിരിക്കും. നിലവിലെ മെമ്പർഷിപ്പിൽ ഇരുപതിയഞ്ച് ശതമാനം വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചു എന്നത് എടുത്ത് പറയേണ്ട ഒന്നാണ്. എല്ലാ ജില്ല യൂണിറ്റുകളും നല്ല പ്രവർത്തനമാണ് കാഴ്ച വച്ചത്.

**26** കെ.എസ്.എസ്.ഐ.എ.യുടെ മുകളിലത്തെ നില ടെക്നോസിറ്റി ഡെവലപ്മെന്റിനു വേണ്ടി ഉപയോഗിക്കാനും അതിനായി മുകൾനില ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള നടപടികളും നടത്തി വരുന്നു. കെ.എസ്.എസ്.ഐ.എ.യുടെ നിലവിലെ ബിൽഡിങ്ങ് ലീസിൽ നിന്ന് മാറ്റി സ്വന്തമായി വാങ്ങിക്കാനുള്ള പ്രവർത്തന നടപടികൾ ചെയ്ത് വരുന്നു.

**27** കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന് തലസ്ഥാന നഗരിയിൽ സ്വന്തമായി ഒരു ഓഫീസ് മന്ദിരം വാങ്ങിക്കുന്നതിനു വേണ്ടിയുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു. ഈ പദ്ധതി പ്രാവർത്തികമായാൽ കെ.എസ്.എസ്.ഐ.എ. ഭാരവാഹികൾക്കും അംഗങ്ങൾക്കും വിവിധ ആവശ്യങ്ങളുമായി സർക്കാർ ഓഫീസുകൾ സന്ദർശിക്കേണ്ട അവസരത്തിൽ നമുക്ക് സ്വന്തമായി ഒരു ഓഫീസ് തിരുവനന്തപുരത്ത് ഉണ്ടാകുന്നത് വ്യവസായികൾക്ക് ഗുണകരമായിരിക്കും.

**28** ഈ കാലയളവിൽ കെ.എസ്.എസ്.ഐ.എ.യുടെ 6 ജനറൽ കൗൺസിൽ യോഗങ്ങളും 16 സംസ്ഥാന കമ്മിറ്റി യോഗങ്ങളും നടന്നു. കൂടാതെ സംസ്ഥാന ഓഫീസ് ഭാരവാഹികളുടെ യോഗവും കൂടുകയുണ്ടായി. രണ്ടാമത്തെ ജനറൽ കൗൺസിൽ യോഗം കൊല്ലത്ത് വച്ചായിരുന്നു. ആ യോഗത്തിന് കൊല്ലം ജില്ല ആതിഥേയത്വം വഹിച്ചു. മൂന്നാമത്തെ ജനറൽ കൗൺസിൽ യോഗം നെടുമ്പാശ്ശേരി എയർ ലിങ്ക്സ് ക്യാസിൽ ഹോട്ടലിൽ വെച്ചായിരുന്നു . ഇതിന് സംസ്ഥാന ജനറൽ സെക്രട്ടറി . പി. ജെ. ജോസ് ആതിഥേയത്വം വഹിച്ചു. വയനാട്, മലപ്പുറം, തിരുവനന്തപുരം. പത്തനംതിട്ട എന്നീ ജില്ലകൾ ഓരോ സംസ്ഥാന കമ്മിറ്റി യോഗത്തിന് ആതിഥേയത്വം വഹിച്ചു. യോഗങ്ങളിലൂടെ ജില്ലാ ഘടകങ്ങളുടെ പ്രശ്നങ്ങളും, പരാതികളും എല്ലാം കേൾക്കാനും മിക്കതും പരിഹരിക്കാനും സാധിച്ചു.

മേൽ പറഞ്ഞ പ്രവർത്തനങ്ങൾ കൂടാതെ സംഘടനയുടെ പല കാര്യങ്ങളും, വ്യവസായ സംബന്ധമായ പ്രശ്നങ്ങളും, സംഘടനാ പ്രവർത്തനങ്ങളും എല്ലാം നല്ല രീതിയിൽ മുന്നോട്ട് പോകുവാനും, പല കാര്യങ്ങൾ നേടിയെടുക്കുവാനും വേണ്ടി സംസ്ഥാന ഭാരവാഹികൾ ഇപ്പോഴും അഹോരാത്രം ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ■

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**






**അഡ്വ. കെ.എസ്. ഹരിഹരൻ**
B.Com, LLB, MBA, LLM

**1 ചോദ്യം:** ജി.എസ്.ടി. ഉദ്യോഗസ്ഥർക്ക് ഭീഷണി സ്വരത്തിൽ ബിസിനസ്സുക്കാരെ സമ്മർദ്ദത്തിലാക്കി ജി.എസ്.ടി. പിരിക്കാമോ?

പി.കെ.പി. കുമാർ, എറണാകുളം

**ഉത്തരം:**

സർക്കാർ ഉദ്യോഗസ്ഥരെപ്പോലെതന്നെ ജോലി ചെയ്തു നികുതി നൽകി, സർക്കാർ നൽകുന്നതിനേക്കാൾ കൂടുതൽ തൊഴിലവസരം നൽകി ജനസേവനവും പൊതുസേവനവും നടത്തി വരുന്നവരാണ് ബിസിനസ്സുക്കാർ. എങ്കിൽപ്പോലും ബിസിനസ്സുകാരോട് ഉദ്യോഗസ്ഥരുടെ മനോഭാവം ഒരുതരം പുച്ഛമാണ്.

ഒരു നികുതിദായകന് അടുത്തിടെ ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ് ആദ്യമായി അയച്ച നോട്ടീസിൽ പറഞ്ഞ ചില ഭാഗങ്ങൾ ഞാൻ താഴെ ചേർക്കുന്നു.

"It may be noted that as per Section 70 (2) of CGST Act, 2017, this enquiry is deemed to be a judicial proceedings within the meaning of Section 193 and Section 228 of India Penal Code, 1860 (45 of 1860) and non- compliance of this summon is an offence punishable under Section 174 and 175 of the Indian Penal Code, 1860"

അതായത് വിളിപ്പിക്കുമ്പോൾ ഓഫീസിൽ വന്നില്ലെങ്കിൽ ഐ.പി.സി. പ്രകാരം ക്രിമിനൽ കേസ് എടുക്കും എന്ന് അർത്ഥം. ഇതു കൂടാതെ ജി.എസ്.ടി.ഓഫീസുകളിൽ വിളിച്ചുവരുത്തി, ഓഫീസർമാർ മുതൽ ഓഫീസ് അസിസ്റ്റന്റുമാർ വരെയുള്ളവർ അടങ്ങുന്ന വലിയ കൂട്ടത്തിന്റെ നടുവിൽ നിന്ന് സമ്മർദ്ദത്തിൽ മൊഴിയെടുപ്പ് നടത്തുക, തെറ്റായ മൊഴി കൊടുത്താൽ ഇന്ത്യൻ പീനൽ കോഡിന്റെ 193-ാം വകുപ്പ് പ്രകാരം ശിക്ഷ അനുഭവിക്കേണ്ടി വരും എന്ന് മനസ്സിലാക്കിക്കൊണ്ട് മൊഴി എഴുതിക്കൊടുക്കുകയാണ് എന്ന ഗൗരവമായ സ്റ്റേറ്റ്മെന്റ് സമ്മർദ്ദത്തിനു നടുവിൽ നിന്നുകൊണ്ട് എഴുതി ഒപ്പിട്ടു വാങ്ങുക ഇതിനെല്ലാം വിധേയനാകുമ്പോൾത്തന്നെ ഒരു പാവപ്പെട്ട ചെറുകിട ബിസിനസ്സുക്കാരൻ അതീവ സമ്മർദ്ദത്തിൽ ആവുകയാണ്.

മൊഴി നൽകാൻ വേണ്ടി നികുതി ദായകൻ കേരളത്തിലെ ജി.എസ്.ടി. ഓഫീസുകളുമായി ബന്ധപ്പെടുമ്പോൾ ഇത്തരത്തിലുള്ള പ്രയോഗങ്ങൾ അവർ നേരിടേണ്ടിവരുന്നുണ്ട്. എഴുതി നൽകുന്ന പ്രസ്താവനയുടെ കോപ്പി പോലും ഉദ്യോഗസ്ഥർ നികുതിദായകന് നൽകുന്നില്ല അന്യ സംസ്ഥാനങ്ങളിൽ പത്ത് പതിനഞ്ചു വർഷം പണിയെടുത്ത് ഒടുവിൽ ജനിച്ച നാട്ടിൽ സ്വയംതൊഴിൽ കണ്ടെത്തി കുടുംബത്തോടൊപ്പം പണിയെടുത്തും സഹജീവികൾക്ക് പലർക്കും തൊഴിൽ നൽകിയും ശിഷ്ടകാലം സന്തോഷമായി ജീവിക്കുന്നത് സ്വപ്നം കാണുന്നവർക്ക് മറ്റു പല സംസ്ഥാനങ്ങളിൽ കാണാത്ത ഇത്തരത്തിലുള്ള രീതികൾ കാണുമ്പോൾ അമർഷം ഉണ്ടാവുന്നു. അസോസിയേഷന്റെ ഭാരവാഹികളുമായി സംസാരിച്ചപ്പോൾ ഈ ചോദ്യം പലരുടെയും ചോദ്യം തന്നെയാണ് എന്ന് മനസ്സിലായി.

**ചോദ്യം:** ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ് ഇങ്ങനെയൊക്കെ ഭീഷണി സ്വരത്തിലും പുച്ഛത്തിലും നികുതിദായകരോട് ഇടപെടാമോ? ആദ്യമായി ഹാജരാകാൻ അയക്കുന്ന നോട്ടീസിൽ ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിന് "It may be noted that as per section 70 (2) of CGST Act, 2017, this enquiry is deemed to be a judicial proceedings within the meaning of Section 193 and Section 228 of India Penal Code, 1860 (45 of 1860) and non- compliance of this summon is an offence punishable under Section 174 and 175 of the Indian Penal Code, 1860", അതായത് വിളിപ്പിക്കുമ്പോൾ ഓഫീസിൽ വന്നില്ലെങ്കിൽ ഐ.പി.സി. പ്രകാരം ക്രിമിനൽ കേസ് എടുക്കും എന്നെല്ലാം ഭീഷണി സ്വരത്തിൽ പറയുന്ന വാചകം എഴുതാമോ? ജി.എസ്.ടി. ഓഫീസർ വിളിച്ചു വരുത്തി സ്റ്റേറ്റ്മെന്റ് തയ്യാറാക്കുമ്പോൾ, ഒരു കൂട്ടം ഉദ്യോഗസ്ഥരുടെ മുമ്പിൽ വച്ച് പോലീസ് മുറയിൽ ചോദ്യം ചെയ്യാനോ ഭീഷണിപ്പെടുത്താനോ ജി.എസ്.ടി. ഓഫീസർക്ക് അധികാരം ഉണ്ടോ? അത് നിയമവിധേയമാണോ?.

**ഉത്തരം:** ഈ ചോദ്യത്തിൽ തന്നെ ഒരു പൗരന്റെ ധാർമിക രോഷം പ്രതിഫലിക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ ഇല്ലാത്ത കടുംപിടുത്തം എന്തേ ഇവിടെ കാണുന്നു എന്ന ചോദ്യകർത്താവിന്റെ ചോദ്യം പ്രസക്തവുമാണ്. ഒറ്റ വാചകത്തിൽ ഉത്തരം നൽകിയാൽ, സർക്കാർ ഉദ്യോഗസ്ഥരായാൽ വലിയ റിസ്ക് എടുക്കാതെ മാന്യമായി കിട്ടുന്ന വരുമാനം കൊണ്ട് സുരക്ഷിതമായി ജീവിക്കാമെന്ന് വിചാരിക്കുന്നവരാണ് കൂടുതൽ. തന്റെ മേലുദ്യോഗസ്ഥൻ പോലും പിന്തുണയ്ക്കാതെ ഇൻക്രിമെന്റ് മുതൽ പ്രമോഷൻ വരെ നഷ്ടപ്പെട്ട ഒരു നൂറുപേരുടെയെങ്കിലും കദനകഥകൾ അവരുടെ ഓർമ്മയിലുണ്ടാകും. തന്റെ ജോലി വലിയ റിസ്ക് എടുക്കാതെ ചെയ്ത്, കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള C and AG യുടെ ഓഡിറ്റിനെ പേടിച്ച് ചട്ടപ്പടി മാത്രം ജീവിച്ചാൽ മതി എന്ന മാനസിക അവസ്ഥയിൽ സർക്കാർ ജീവനക്കാർ എത്തിയാൽ, അവരെയും കുറ്റം പറയാൻ പറ്റുകയില്ല എന്നതാണ് വാസ്തവം. നമ്മുടെ സാമൂഹ്യവ്യവസ്ഥയുടെയും നിയമ വ്യവസ്ഥയുടെയുമൊക്കെ ഒരു പ്രശ്നമാണ് ഇത് എന്ന് പറഞ്ഞു പോകാൻ മാത്രമേ തൽക്കാലം ലേഖകന് സാധിക്കൂ. ഏതായാലും അസോസിയേഷൻ ഇത്തരം കാര്യങ്ങളിൽ ഗൗരവമായ നടപടികൾ എടുത്തിട്ടുള്ളതാണ്.

നോട്ടീസിൽ കണ്ടതായി താങ്കൾ പറഞ്ഞ വാചകത്തെ സംബന്ധിച്ചിടത്തോളം, അത്തരം വാചകങ്ങൾ മിക്കവാറും മുൻകൂട്ടി തയ്യാറാക്കിയ ഫോർമാറ്റിന്റെ ഭാഗമായിരിക്കാം. എന്നിരുന്നാലും, നിയമമനുസരിച്ചായാലും സാമ്പത്തിക നിയമങ്ങളിൽ ദേശീയമായും അന്തർദേശീയമായും പാലിക്കേണ്ട നടപടിക്രമങ്ങളും നയങ്ങളും പ്രകാരം ആയാലും ആദ്യ നോട്ടീസിൽ പാടില്ലാത്ത വരികൾ ആണ് അവ എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം.

മൊഴി എടുക്കുമ്പോൾ ചുറ്റും കൂടി നിന്ന് സമ്മർദ്ദം സൃഷ്ടിക്കുന്നതിനെപ്പറ്റി ചോദിച്ചാൽ, യാതൊരുവിധ സമ്മർദ്ദങ്ങളും ഇത്തരം കാര്യങ്ങളിൽ പാടില്ല എന്നതാണ് നിയമം. സർക്കാർ ഓഫീസുകളിൽ എത്തുന്ന സാധാരണക്കാരെ സമ്മർദ്ദത്തിലാക്കുന്ന ഈ രീതി രാജഭരണകാലം മുതൽ ഇന്ത്യയിൽ നിലനിൽക്കുന്നു. ഇത്തരം രീതികളും സമ്മർദ്ദങ്ങളും എല്ലാം കാരണം വരുന്ന ഒരു സ്വാതന്ത്ര്യമില്ലായ്മ തന്നെയായിരിക്കാം, ഇവിടത്തെ ചെറുപ്പക്കാർ മറ്റു വിദേശ രാജ്യങ്ങളിലേക്ക് പലായനം ചെയ്യാൻ പ്രേരണയാകുന്നത്. ജനപ്രതിനിധികൾ ഇടപെട്ട് സർക്കാർ ഓഫീസുകളിൽ എത്തുന്ന ഒരു പൗരനുമായി നല്ല രീതിയിൽ ഇടപെടാനുള്ള പരിശീലനവും മനോഭാവവും ഉദ്യോഗസ്ഥരിൽ വളർത്താൻ നടപടികൾ എടുക്കണമെന്നാണ് ഈ ലേഖകന്റെ വ്യക്തിപരമായ അഭിപ്രായം.

❷ **ചോദ്യം**: വൈരാഗ്യ ബുദ്ധിയോടെ ഉദ്യോഗസ്ഥർ പെരുമാറിയാൽ, നിരന്തരം നോട്ടീസുകൾ അയക്കുകയും ഒക്കെ ചെയ്താൽ എന്താണ് ചെയ്യേണ്ടത്?

**ഉത്തരം**: പൊതുവേ അത്തരം കാര്യങ്ങൾ വളരെ കുറവാണ്. ജി.എസ്.ടി. നിയമത്തെക്കുറിച്ച് കൂടുതൽ അറിയാനും പഠിക്കാനും താങ്കൾ ശ്രമിക്കുക. അത്തരത്തിലുള്ള എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ താങ്കൾ മെമ്പർ ആയിട്ടുള്ള അസോസിയേഷൻ ഭാരവാഹികളെ അറിയിക്കുക. തീർച്ചയായും നടപടികൾ ഉണ്ടാകും. മാത്രമല്ല വ്യക്തമായ പരാതികൾ ഉണ്ടെങ്കിൽ ഓരോ ജില്ലയിലും ഉള്ള ജോയിൻറ് കമ്മീഷണർമാർക്കോ സംസ്ഥാന ജി.എസ്.ടി. കമ്മീഷണർക്കോ പരാതി ഈമെയിൽ ആയോ നേരിട്ടോ തപാലിലൂടെയോ അയച്ചാൽ നടപടി ഉറപ്പാണ്.

❸ **ചോദ്യം**: ഞങ്ങളുടെ പ്രദേശത്ത് മഴക്കെടുതി മൂലം കുറച്ചു ദിവസമായി ഇലക്ട്രിസിറ്റിയും ഇന്റർനെറ്റ് സൗകര്യവും ഇല്ലാത്തതിനാൽ ഇ-വേ ബില്ലും ഇ-ഇൻവോയ്സും എടുക്കാതെ പേപ്പർ ഇൻവോയ്സിൽ ജി.എസ്.ടി. കാണിച്ച്, വാഹനത്തിൽ സാധനങ്ങൾ വിൽപ്പനയ്ക്കായി കൊണ്ടു പോയി. നികുതിയുടെ ഇരട്ടിത്തുക പെനാൽറ്റി അടയ്ക്കാൻ ജി.എസ്.ടി. ഉദ്യോഗസ്ഥർ നിർദ്ദേശിച്ചു. അത് അടയ്ക്കാൻ സാധിക്കാഞ്ഞതുകൊണ്ട് വാഹനവും സാധനങ്ങളും കൊണ്ടുപോകാൻ പറ്റിയില്ല. വാഹനത്തിൽ വച്ചിരുന്ന ചരക്കുകൾ കെട്ടിക്കിടന്ന് കേടായി. ഭക്ഷ്യവസ്തുക്കൾ വിൽക്കാൻ പറ്റാത്ത അവസ്ഥയിലായി. മഴക്കെടുതി വന്ന് ഇലക്ട്രിസിറ്റിയും ഇന്റർനെറ്റും ഇല്ലാതെപോയത് ഞങ്ങളുടെ കുറ്റമല്ലല്ലോ. ഇത്തരം സാഹചര്യത്തിൽ ഇ-വേ ബിൽ പോലുള്ള കാര്യങ്ങൾക്കായി നിർബന്ധം പിടിച്ച് ജി.എസ്.ടി. ഡിപ്പാർട്ട്മെൻറ് കണ്ണിൽ ചോരയില്ലാതെ പെരുമാറിയാൽ എന്തു ചെയ്യണം?

**ഉത്തരം** : ഇത് ഒരു നിയമ പ്രശ്നമാണ്. ഇ-വേ ബില്ലും ഇ-ഇൻവോയ്സും നിയമപരമായി നിർബന്ധമാക്കിയിട്ടുള്ള കാര്യങ്ങളാണ്. മാത്രവുമല്ല, ഇ-ഇൻവോയ്സും ഇ-വേ ബില്ലും ലഭിക്കാതിരുന്നാൽ താങ്കളിൽ നിന്നും സാധനങ്ങൾ വാങ്ങുന്നയാൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുകയില്ല. ജി.എസ്.ടി. നിയമം വന്നതിനു ശേഷം സാധനങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുമ്പോൾ നിയമത്തിൽ പറയുന്ന രേഖകൾ സാധനങ്ങളോടൊപ്പം ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. ചില പ്രത്യേക സാഹചര്യങ്ങളിൽ ഏതെങ്കിലും ചട്ടങ്ങളിൽ പ്രായോഗികമായ വിട്ടുവീഴ്ചകൾ ചെയ്തു തരാൻ താൽക്കാലിക നടപടികൾ എടുക്കാൻ സംസ്ഥാന ജി.എസ്.ടി. കമ്മീഷണർക്ക് മാത്രമേ കഴിയൂ.

മൂന്നോ നാലോ ദിവസത്തെ ഇലക്ട്രിസിറ്റി ഇല്ലാത്ത അവസ്ഥ വന്നാൽ ഇത്തരം സന്ദർഭങ്ങളിൽ എന്താണ് ചെയ്യേണ്ടത് എന്ന് ഒരു മാർഗ്ഗരേഖ ഇനിയും സർക്കാർ പ്രഖ്യാപിക്കാത്തിടത്തോളം സാധാരണ ഉദ്യോഗസ്ഥർക്ക് അക്കാര്യത്തിൽ സ്വമേധയാ തീരുമാനിച്ച് വിട്ടുവീഴ്ചകൾ ചെയ്യാനുള്ള അധികാരം നന്നേ പരിമിതമാണ്.

എന്നിരുന്നാലും താങ്കളുടെ ബിസിനസ്സിന്റെ പ്രത്യേകതകൾ സൂചിപ്പിച്ച്, താങ്കൾ ട്രാൻസ്പോർട്ട് ചെയ്യുന്നത് എളുപ്പം നശിച്ചുപോകുന്നതായ സാധനങ്ങൾ, അഥവാ "PERISHABLE GOODS" ആണ് എന്നും ഇലക്ട്രിസിറ്റിയും ഇന്റർനെറ്റ് കണക്റ്റിവിറ്റിയും ലഭ്യമല്ലാത്ത സാഹചര്യം എന്താണ് എന്നും വിശദമാക്കിക്കൊണ്ടുള്ള ഒരു കത്തും, താങ്കളുടെ പേപ്പർ ഇൻവോയ്സിന്റെയും ഡെലിവറി ചലാന്റെയും ഓരോ കോപ്പിയും താങ്കളുടെ പ്രദേശത്തെ ജി.എസ്.ടി. പ്രോപ്പർ ഓഫീസറുടെ ഓഫീസിൽ നേരിട്ട് ഹാജരാക്കി, അവ അവിടെ കൈപ്പറ്റി എന്നതിന് തെളിവായി ഒരു രസീതും ആ ഓഫീസിൽനിന്നും വാങ്ങിവെക്കുകയും, അതിനു ശേഷം പേപ്പർ ഇൻവോയ്സും ഡെലിവറി ചലാനും അടിസ്ഥാനമാക്കി താൽക്കാലികമായി ട്രാൻസ്പോർട്ടും വിൽപ്പനയും നടത്തുകയും ചെയ്താൽ കുഴപ്പങ്ങൾ ഒഴിവായിക്കിട്ടിയേക്കാം. ഇത് ഒരു നിയമത്തിലും പറയുന്ന നടപടിക്രമമല്ല, തികച്ചും പ്രായോഗികതയുടെ അടിസ്ഥാനത്തിൽ ലേഖകൻ നിർദ്ദേശിക്കുന്ന ഒരു മാർഗ്ഗമാണ്. നിയമത്തിൽ പ്രതിപാദിക്കാത്ത കാര്യങ്ങളിൽ, പ്രോപ്പർ ഓഫീസർക്ക് രേഖാമൂലം കൊടുക്കുന്ന എഴുത്തുകുത്തുകൾക്ക് പ്രത്യേക പരിഗണനയുണ്ട് എന്ന കോടതിവിധികളുടെ വ്യാഖ്യാനങ്ങൾ ഇവിടെ ഗുണം ചെയ്തേക്കാം.

കൂടാതെ ASSISTANT COMMISSIONER (ST) & ORS. Vs. M/S SATYAM SHIVAM PAPERS PVT. LIMITED & ANR. (Petition(s) for Special Leave to Appeal (C) No(s). 21132/2021) എന്ന കേസിൽ വലിയ സമരം മൂലം വാഹനഗതാഗതം ദിവസങ്ങളോളം തടസ്സപ്പെട്ട സാഹചര്യത്തിൽ, സാഹചര്യം ബോദ്ധ്യപ്പെടുത്തിയിട്ടും അത് വകവെയ്ക്കാതെ ഇ-വേ ബില്ലിന്റെ സമയപരിധി കഴിഞ്ഞു എന്ന സാങ്കേതിക കുറ്റം ചുമത്തി 69,000/- രൂപ പിഴ ചുമത്തിയ ജി.എസ്.ടി. ഉദ്യോഗസ്ഥനെതിരെ ബഹു. സുപ്രീം കോടതി നടപടിയെടുത്ത് പിഴ ചുമത്തിയ ഓർഡറുകൾ റദ്ദാക്കുകയും, മറ്റൊരു 69000/- രൂപ സ്വന്തം പോക്കറ്റിൽ നിന്നും എടുത്ത് കോടതിയിൽ കോസ്റ്റ് ആയി ഒടുക്കാൻ വിധിക്കുകയും ചെയ്തു. ഇക്കാര്യം ഇവിടെ പ്രസക്തമാണ്. താങ്കൾക്ക് അനുകൂലവുമാണ്. നിങ്ങളുടെ ജി.എസ്.ടി. യുമായി ബന്ധപ്പെട്ട ഇത്തരം പ്രായോഗിക ബുദ്ധിമുട്ടുകൾ രേഖാമൂലം തൊട്ടടുത്ത ജി.എസ്.ടി. പ്രോപ്പർ ഓഫീസറെ അറിയിക്കുക. പരിഹാരം ഉണ്ടാകും എന്ന് പ്രതീക്ഷിക്കാം.

ജി.എസ്.ടി. വളർന്നുകൊണ്ടിരിക്കുന്ന ഒരു നിയമമാണ്. ഇത്തരം സാഹചര്യങ്ങളിൽ എന്തു ചെയ്യണം എന്ന് സർക്കാർ ഇനിയും നിർദ്ദേശിക്കേണ്ടിയിരിക്കുന്നു. അത്തരമൊരു ഔദ്യോഗിക നിർദ്ദേശം പുറത്തു വരുന്നതു വരെ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞതു പോലെയുള്ള നടപടികൾ സ്വീകരിക്കുക തന്നെയാണ് ഒരു മാർഗ്ഗം. ■

**അസോസിയേഷന്റെ ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് സബ് കമ്മിറ്റിയുടെ ചെയർമാനാണ് ലേഖകൻ**

✆ 9846227555, 7902443188, 7907000401




## ഇന്ത്യ ഹൊറേക എക്സ്പോ 2024

# സന്ദർശക പ്രശംസ നേടി കേരള സ്റ്റാളുകൾ

ഇന്ത്യ ഹൊറേക എക്സ്പോ 2024 (ഫുഡ് ആൻഡ് ഡ്രിങ്ക് പ്രോസസിംഗ് എക്സ്പോ & ബേക്കേഴ്സ് ടെക്നോളജി ഫെയർ)ൽ ശ്രദ്ധേയ സാന്നിധ്യമായി കേരള സ്റ്റാളുകൾ. ഭക്ഷണ പാനീയങ്ങൾ, ഡയറി ബേക്കറി, മിഠായി, മധുരപലഹാരങ്ങൾ, ലഘുഭക്ഷണങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകി കൊണ്ട് സംഘടിപ്പിക്കുന്ന ട്രേഡ് ഫെയർ 2024 ജൂലൈ 3 മുതൽ 5 വരെ തമിഴ്നാട്, കോയമ്പത്തൂർ, കോഡിസിയ ട്രേഡ് ഫെയർ കോംപ്ലക്സിലാണ് സംഘടിപ്പിച്ചത്.

വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഭക്ഷ്യ സംസ്കരണ മേഖലയിലെ 19 എം.എസ്.എം.ഇ. കൾ ആണ് ട്രേഡ് ഫെയറിൽ പങ്കെടുക്കുന്നത്. 3 ദിവസങ്ങളിലായി ഏകദേശം 25,000 ത്തിലധികം സന്ദർശകർ പങ്കെടുത്ത മേളയിൽ ഉൽപ്പന്ന വൈവിധ്യത കൊണ്ട് കേരള സ്റ്റാളുകൾ സന്ദർശക പ്രശംസ നേടിയിരുന്നു.



**സുരജ് എസ്.**

കേന്ദ്ര സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മന്ത്രാലയത്തിന്റെയും (എം.എസ്.എം.ഇ.), ഓൾ ഇന്ത്യ ഫുഡ് പ്രോസസേഴ്സ് അസോസിയേഷന്റെയും (എ.ഐ.എഫ്.പി.എ.) പിന്തുണയോടെ സംഘടിപ്പിച്ച ഇന്ത്യ ഹൊറേക എക്സ്പോയുടെ 9ാമത് പതിപ്പിനെ കേരളത്തെ ഭക്ഷ്യ സംസ്കരണ മേഖലയിലെ എം.എസ്.എം.ഇ. സംരംഭങ്ങൾ അക്ഷരാർത്ഥത്തിൽ ഉപയുക്തമാക്കുകയായിരുന്നു.

**സംസ്ഥാനത്തെ ഭക്ഷ്യ സംസ്കരണ മേഖലയിലെ 19 എം.എസ്.എം.ഇകൾ ആണ് ട്രേഡ് ഫെയറിൽ പങ്കെടുക്കുന്നത്.**














INDIA HoReCa EXPO 2024
HOTEL | RESTAURANT | CATERING & CAFÉ




**3 ദിവസങ്ങളിലായി ഏകദേശം 25,000 ത്തിലധികം സന്ദർശകർ പങ്കെടുത്ത മേളയിൽ ഉൽപ്പന്ന വൈവിധ്യത കൊണ്ട് കേരള സ്റ്റാളുകൾ സന്ദർശക പ്രശംസ നേടിയിരുന്നു.**

ഫുഡ് & ബിവറേജ് മാനുഫാക്ചറിംഗ്, ഹോസ്പിറ്റാലിറ്റി വ്യവസായങ്ങളിലെ മാറിവരുന്ന പ്രവണതകളെക്കുറിച്ച് മനസിലാക്കുന്നതിനും കാലഘട്ടത്തിനനുസൃതമായ മാറ്റങ്ങളിലൂടെ സംരംഭങ്ങളെ മികവിന്റെ പാതയിലേക്ക് നയിക്കുന്നതിനും വിവിധ സംസ്ഥാന അന്താരാഷ്ട്രതല സംരംഭകരുമായി ആശയ വിനിമയം നടത്തുന്നതിനും നവീന മെഷീനറികളെക്കുറിച്ചും മാർക്കെറ്റിങ്ങിനെക്കുറിച്ചും മനസ്സിലാക്കുന്നതിനും കേരളത്തിലെ എം.എസ്.എം.ഇ. കൾക്ക് എക്സ്പോ അവസരമൊരുക്കി.

നേപ്പാൾ, ശ്രീലങ്ക, മാലിദ്വീപ്, ബംഗ്ലാദേശ്, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾക്കൊപ്പം സ്പെയിൻ, ഇറ്റലി, ജർമ്മനി, യുഎസ്എ, യുകെ എന്നിവിടങ്ങളിൽ നിന്നുള്ള ബ്രാൻഡുകളെ പ്രതിനിധീകരിച്ചുമുള്ള വിദഗ്ധരുടെ സാന്നിധ്യവും എക്സ്പോയെ ആകർഷണീയമാക്കുന്നതിലുള്ള മുഖ്യ ഘടകം ആണ്. ■

**കെ – ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**



ടി.എസ്. ചന്ദ്രൻ

# സംരംഭകർ മറക്കരുത് ഈ നാല് കാര്യങ്ങൾ

എറണാകുളം ജില്ലയിൽ ഒരു ലോൺട്രി യൂണിറ്റ് ആരംഭിക്കാൻ തീരുമാനിച്ച സംരംഭക അഭിമുഖീകരിക്കേണ്ടി വന്ന വിഷമതകൾ ആണ് ഈ ലേഖനത്തിന് ആധാരം. പഞ്ചായത്തിൽ നിന്നും പ്ലാൻ അംഗീകരിച്ചു വാങ്ങി. കെട്ടിടം പണി പൂർത്തിയാക്കി. കെട്ടിട നമ്പർ ലഭിച്ചു. മെഷീനറികൾ വന്നു. അയൽ വാസികളുടെ പരാതികളും വന്നു! പവർ കണക്ഷനും അവതാളത്തിലായി. നിയമം പാലിക്കാത്തതിനാൽ സ്ഥാപനം ആരംഭിക്കാൻ ആവില്ല എന്ന് മനസ്സിലായി. കെട്ടിടം പണിയും മുൻപ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി വാങ്ങേണ്ടിയിരുന്നു. പക്ഷേ അറിയില്ലായി രുന്നു. അത് എടുക്കാതെ പോയതിനാൽ നിയമപരമായ സംരക്ഷണവും കിട്ടില്ല എന്നായി. അറിവില്ലായ്മ മൂലം അവതാളത്തിൽ ആകുന്ന നിരവധി സംരംഭകർ ഇതുപോലെ ഉണ്ട്. അതിനാൽ സംരംഭം തുടങ്ങുന്നവർ ഈ നാല് കാര്യങ്ങൾ ഒരിക്കലും മറക്കരുത്..

### 1. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സ്ഥാപന അനുമതി

സൂക്ഷ്മ ചെറുകിടത്തരം സംരംഭങ്ങൾ സ്ഥാപിക്കു ന്നതിന് മുമ്പ് തന്നെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ (പി.സി.ബി.) അനുമതി വാങ്ങേണ്ടതാണ്. രണ്ട് ഘട്ടങ്ങളായാണ് പിസിബി അനുമതി നൽകുന്നത്. ഒന്ന് കെട്ടിടം പണിയും മുമ്പ് സ്ഥാപന അനുമതി (Consent to Establish).

**പ്രവർത്തന അനുമതി (Consent to Operate)**

പിസിബിയുടെ പട്ടികപ്രകാരം വൈറ്റ് കാറ്റഗറിയിൽ ഉൾപ്പെടാത്ത എല്ലാത്തരം സംരംഭങ്ങൾക്കും ഈ അനുമതികൾ ആവശ്യമുണ്ട്. (സംരംഭങ്ങളുടെ കാറ്റഗറി സംബന്ധിച്ച് ലിസ്റ്റ് പിസിബിയുടെ സൈറ്റിൽ ലഭ്യമാണ്) കെട്ടിടം നിർമ്മിക്കും മുമ്പ് തന്നെ സ്ഥാപന അനുമതി വാങ്ങണം. ഇങ്ങനെ ചെയ്താൽ പിന്നീട് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ഒഴിവാക്കാം. മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുടെ സ്ഥാനം കൃത്യമായി നിർണയിക്കാ നും, (മറ്റു സ്ഥാപനങ്ങളിൽ നിന്നുള്ള അകലം ഉൾപ്പെടെ) എത്ര പരാതികൾ ഉണ്ടായാലും തളരാതെ മുന്നോട്ടു പോകാൻ നിയമ പരമായ എല്ലാ സംരക്ഷണവും ലഭിക്കാൻ ഈ അനുമതി അത്യാവശ്യമാണ്. അത് ലഭിച്ച തിനുശേഷം കെട്ടിടം പണി പൂർത്തിയാക്കി മെഷിനറികൾ സ്ഥാപിച്ച് ഉത്പാദനം തുടങ്ങും മുൻപ് പ്രവർത്തന അനുമതി കൂടി വാങ്ങി കഴിഞ്ഞാൽ നിയമപരമായി സംരംഭം സുരക്ഷിതമായി എന്നു പറയാം.

### 2. കെട്ടിട നിർമ്മാണം അംഗീകരിച്ച പ്ലാൻ അനുസരിച്ചു മാത്രം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടൗൺ പ്ലാനിങ് (ബാധകമായ കാര്യങ്ങളിൽ മാത്രം) എന്നിവിടങ്ങളിൽ നിന്നുള്ള കെട്ടിടത്തിന്റെ അംഗീകരിച്ച പ്ലാൻ അനുസരിച്ചു മാത്രമേ കെട്ടിടം പണിയാവൂ.



ഈ കാര്യത്തിൽ സംരംഭകർ പ്രത്യേകം ശ്രദ്ധ പുലർത്തണം. നന്നായി പഠിച്ച ശേഷം മാത്രമേ അനുമതിക്കായി സമർപ്പിക്കാവൂ. അംഗീകരിച്ച പ്ലാനിൽ നിന്നും വ്യത്യാസപ്പെടുത്തി കെട്ടിടം നിർമ്മിച്ച് പ്രതിസന്ധിയിലായ നിരവധി സംരംഭകർ ഉണ്ട്. ഇങ്ങനെ ചെയ്താൽ നമ്പർ ലഭിക്കാനും ലൈസൻസ് ലഭിക്കാനും പ്രയാസം നേരിടും. സ്ഥാപനത്തിനെതിരെ എന്തെങ്കിലും പരാതി കൂടി വന്നാൽ പറയുകയും വേണ്ട! ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാൻ അംഗീകരിച്ച പ്ലാൻ അനുസരിച്ചു മാത്രം കെട്ടിടം പണി പൂർത്തിയാക്കുക, നമ്പറും ലൈസൻസും സമ്പാദിക്കുക, പിന്നീട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടു കൂടി അത്യാവശ്യമെങ്കിൽ കെട്ടിടം നിർമ്മാണത്തിൽ ഭേദഗതികൾ വരുത്തുന്നത് ആയിരിക്കും ഉത്തമം.

### 3. പാക്കർ ലൈസൻസ്.

പല സംരംഭകരും വീഴ്ച വരുത്തുന്ന ഒരു പ്രധാന ലൈസൻസ് ആണിത്. ഏതൊരു ഉൽപന്നവും അത് ഉപയോഗിക്കുന്ന വ്യക്തികളുടെ മുന്നിൽ വച്ചല്ല പാക്ക് ചെയ്യുന്നത് എങ്കിൽ നിശ്ചയമായും പാക്കർ ലൈസൻസ് എടുത്തിരിക്കേണ്ടതാണ്. പാക്കിംഗ് ആരംഭിച്ച 90 ദിവസത്തിനുള്ളിൽ ഈ ലൈസൻസ് എടുത്തിരിക്കണം. ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റ് അസിസ്റ്റന്റ് കൺട്രോളറിന് (ഫ്ലൈയിംഗ് സ്ക്വാഡ്) ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. 750 രൂപയാണ് വാർഷിക ഫീസ്. 5 വർഷത്തേക്ക് ഈ ലൈസൻസ് എടുക്കാവുന്നതാണ്. ( www.lmd.kerala.gov.in) ഈ ലൈസൻസ് എടുത്തിട്ടില്ല എങ്കിൽ വൻ പിഴ അടയ്ക്കേണ്ടി വരുന്നതാണ്.

### 4. കെ-സിഫ്റ്റ് ഇവ ഒഴിവാക്കുന്നില്ല

കെ സിഫ്റ്റ് അനുമതി ഉണ്ടെങ്കിൽ മൂന്നുവർഷം യാതൊരു ലൈസൻസും എടുക്കാതെ പ്രവർത്തിക്കാം എന്നാണ് പല സംരംഭകരും ധരിച്ചു വച്ചിരിക്കുന്നത്. എന്നാൽ ഉൽപ്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്ന സർട്ടിഫിക്കേഷനുകളും, കേന്ദ്ര നിയമത്തിൽ വരുന്ന അനുമതികളും ലൈസൻസുകളും എടുത്തേ മതിയാകൂ. ഫുഡ് സേഫ്റ്റി, പിസിബി, ഡ്രഗ്, ആയുഷ്, ഐ എസ് ഐ / ബി ഐ എസ് തുടങ്ങിയ അനുമതികൾ (ബാധകമായ കാര്യങ്ങളിൽ) എടുത്തിരിക്കേണ്ടതാണ്. ഇവ ഒരു തരത്തിലും ഒഴിവാക്കുന്നില്ല.

നിയമങ്ങൾ പാലിച്ചുകൊണ്ട് നിക്ഷേപം നടത്താനും സംരംഭങ്ങൾ ആരംഭിക്കാനും പ്രത്യേകം ശ്രദ്ധിക്കണം.■

**സംസ്ഥാന വ്യവസായ വകുപ്പ്**
**മുൻ ഡെപ്യൂട്ടി ഡയറക്ടർ**
**ആണ് ലേഖകൻ**

# Unified Industrial Land/Building (Allotment & Disposal) Regulations for KINFRA & KSIDC – 2024

Industrial Land/Building (Allotment & Disposal) Regulations for KINFRA & KSIDC - 2024
G.O.(Ms)No.39/2024/ID Dated, Thiruvananthapuram, 26-07-2024 Orders issued,
INDUSTRIES (F) DEPARTMENT

## Short title and Commencement

- These regulations may be called "Unified Industrial Land/Building (Allotment & Disposal) Regulations for KINFRA & KSIDC - 2024".
- They shall apply to all lands purchased or acquired or held by Kerala Industrial Infrastructure Development Corporation (KINFRA) and Kerala Industrial Development Corporation Limited (KSIDC) and all lands transferred by Government to KINFRA/KSIDC and all buildings, Industrial sheds and built-up space erected, constructed and situated in the said land which include Industrial Park and Industrial Township under KINFRA/KSIDC intending to be used for industrial or commercial purposes.
- Applicability of these regulations: Clauses 4, 5, 6, 7, 8, 9, 10 and 11 of these regulations shall apply only for future allotments and all other clauses shall apply to all existing and future allottees.

## കലാലയങ്ങൾ വ്യവസായ സൗഹൃദം

# കേരളത്തിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിക്ക് തുടക്കമായി



എസ്. ഹരി കിഷോർ ഐ.എ.എസ്.

'നിങ്ങൾക്ക് വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നില്ലെങ്കിൽ, ചെറിയ കാര്യങ്ങൾ മികച്ച രീതിയിൽ ചെയ്യുക.' ലോകത്ത് വിവിധ ഭാഷകളിലായി 20 ദശലക്ഷത്തിലധികം കോപ്പികൾ വിറ്റഴിച്ച 'തിങ്ക് ആൻഡ് ഗ്രോ റിച്ച്' എന്ന കൃതിയുടെ രചയിതാവ് നെപ്പോളിയൻ ഹില്ലിന്റെ വാക്കുകളാണിത്. മഹത്തായ ആശയങ്ങൾ പലപ്പോഴും പിറവിയെടുക്കുന്നത് ചെറിയ ചിന്തകളിൽ നിന്നാണ്. സംസ്ഥാന സർക്കാർ തുടങ്ങിവെച്ച 'ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്' എന്ന പദ്ധതിയും വലിയൊരാശയത്തിന്റെ ചെറിയ തുടക്കമാണ്. വിദ്യാർത്ഥികളിൽ സംരംഭകത്വ താൽപര്യം വളർത്തുന്നതിനായും വ്യാവസായിക ആവശ്യത്തിനുള്ള ഭൂമിയുടെ ലഭ്യത കുറവ് പരിഹരിക്കുന്നതിനുമാണ് വ്യവസായ വകുപ്പ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിക്ക് രൂപം നൽകിയത്.

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ഭൂമി ഉപയോഗപ്പെടുത്തി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പഠനത്തോടൊപ്പം വിദ്യാർത്ഥികൾക്ക് സംരംഭകരാകാനുള്ള ആത്മവിശ്വാസം നേടുകയും, മാത്രമല്ല തൊഴിൽ നൈപുണ്യവും വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രവർത്തി പരിചയം സ്വായത്തമാക്കാനുള്ള അവസരവും സൃഷ്ടിക്കും. കൂടാതെ വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കാനും പദ്ധതിവഴി സാധിക്കും.

വ്യവസായ നയം 2023 ന്റെ ഭാഗമായ 22 മുൻഗണനാ മേഖലകളെ അടിസ്ഥാനമാക്കിയാണ് പദ്ധതി നടപ്പിലാക്കുക. വിദ്യാർത്ഥികളുടെ ഗവേഷണ ഫലങ്ങളുടെ വ്യാവസായിക ഉത്പാദനത്തിന് ആദ്യവും അധ്യാപകരുടെ കണ്ടെത്തലുകൾക്ക് രണ്ടാമതും പരിഗണന നൽകും. കൂടാതെ പൂർവ്വ വിദ്യാർത്ഥികൾക്കും പദ്ധതിയുടെ ഭാഗമാകാൻ അവസരമൊരുക്കും. ക്യാമ്പസുകളിലെ ലാബുകളിൽ നടത്തുന്ന ഗവേഷണ പ്രവർത്തനങ്ങൾക്ക് വിദ്യാർത്ഥികൾ ചെലവഴിച്ച സമയത്തെ അടിസ്ഥാനമാക്കി ഗ്രേസ് മാർക്ക് നൽകുകയും ചെയ്യും.

സംസ്ഥാന സർക്കാർ ഫെബ്രുവരിയിൽ പദ്ധതിക്കുള്ള മാർഗ്ഗരേഖ പുറത്തിറക്കിയിരുന്നു. കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള സർക്കാർ/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ക്യാമ്പസ് വ്യവസായ പാർക്കിനായി അപേക്ഷിക്കാം. ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.കൾ തുടങ്ങിയ സ്ഥാപനങ്ങളെല്ലാം പദ്ധതിക്ക് കീഴിൽ വരും. ക്യാമ്പസുകളിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് വേണ്ടത്. 30 വർഷത്തേക്കാണ് ഡവലപ്പർ പെർമിറ്റ് അനുവദിക്കുക. ക്യാമ്പസ് വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് ലഭിക്കുന്ന വ്യവസായ ഭൂമിക്ക് കേരള ഏകജാലക ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട് എന്നിവക്ക് കീഴിൽ ലഭിക്കുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടാകും. ക്യാമ്പസ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി പരിസ്ഥിതി ലോല പ്രദേശം, തീരദേശ നിയന്ത്രണ മേഖല,



തോട്ടം, തണ്ണീർത്തട സംരക്ഷണ നിയമം എന്നിവയിൽ ഉൾപ്പെടരുത്. ഈ എസ്റ്റേറ്റുകളിൽ റെഡ് കാറ്റഗറി ഒഴികെയുള്ള വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കും.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വെബ് പോർട്ടൽ മുഖേന ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ജില്ലകളിൽ ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മറ്റി ശുപാർശ ചെയ്യുന്ന അപേക്ഷകൾക്കും സംസ്ഥാനത്ത് സർക്കാർ തലത്തിലുള്ള വകപ്പുതല സെക്രട്ടറിമാർ അടങ്ങുന്ന ഉന്നത സമിതിയും പരിശോധിച്ച് സംരംഭങ്ങൾക്കുള്ള അനുമതി നൽകും. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും വ്യവസായ വാണിജ്യ ഡയറക്ടർ കൺവീനറുമായ സമിതിയാണ് പെർമിറ്റുകൾ നൽകുക.

ഉന്നത വിദ്യാഭ്യാസ വകുപ്പ്, ധനകാര്യ, റവന്യൂ, തദ്ദേശ, ജലവിഭവ, ഊർജ്ജ, പരിസ്ഥിതി വകുപ്പുകളുടെ സെക്രട്ടറിമാർ കമ്മറ്റി അംഗങ്ങളായിരിക്കും. ക്യാമ്പസ് വ്യവസായ പാർക്കിലെ പൊതു സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ഡ്രൈനേജ്, മാലിന്യ നിർമ്മാർജ്ജന പ്ലാന്റ്, ലാബ്, ടെസ്റ്റിംഗ് ആന്റ് സർട്ടിഫിക്കേഷൻ സംവിധാനങ്ങൾ എന്നിവ ഒരുക്കുന്നതിന് ഡെവലപ്പർ വിദ്യാഭ്യാസ സ്ഥാപനത്തിന് ഏക്കറിന് 20 ലക്ഷം രൂപ നിരക്കിൽ പരമാവധി 1.5 കോടി രൂപ വരെ ഒരു എസ്റ്റേറ്റിന് നൽകും. സ്റ്റാന്റേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണം ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 1.5 കോടി രൂപയും സർക്കാർ ധനസഹായം നൽകും. എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യവികസനം പൂർത്തിയാക്കുന്ന മുറയ്ക്കാണ് തുക അനുവദിക്കുക.

സംസ്ഥാനത്തുടനീളമുള്ള 25 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തിക വർഷം തന്നെ ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങാനുള്ള അനുമതി നൽകാനാണ് വ്യവസായ വകുപ്പിന്റെ തീരുമാനം. സംസ്ഥാനത്തെ 80 ഓളം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമാകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. നിലവിൽ വിവിധ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നിരവധി സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികളിൽ നിന്നുള്ള സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി വലിയ സാദ്ധ്യതകൾ തുറന്നിടും. തൊഴിൽ തേടി അന്യനാടുകളിൽ ചേക്കേറുന്ന നമ്മുടെ മിടുക്കരായ വിദ്യാർത്ഥികൾക്ക് ജന്മനാട്ടിൽ സ്വന്തം സംരംഭങ്ങൾ പടുത്തുയർത്തുവാൻ സംസ്ഥാന സർക്കാർ അവസരമൊരുക്കുകയാണ്. യുവസംരംഭകരുടെ നൂതന ആശയങ്ങൾ വിടരുന്ന കലാലയങ്ങൾ കേരളത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷത്തെ ഊർജസ്വലമാക്കും.

**വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി. എം.ഡി. ആണ് ലേഖകൻ**

# ഉദ്ഘാടനം




കെ.എസ്.എസ്.ഐ.എ. ഇടുക്കി ജില്ലയുടെ ഓഫീസ് മന്ദിരവും ആനുവൽ ജനറൽ ബോഡി യോഗവും ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീന്റെ നേതൃത്വത്തിൽ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന ജനറൽ സെക്രട്ടറി പി. ജെ.ജോസ്, സംസ്ഥാന വൈസ് പ്രസിഡന്റുമാരായ എ.ഫസലുദ്ദീൻ, ഏബ്രഹാം കുര്യാക്കോസ്, സംസ്ഥാന ട്രഷറർ ജോസഫ് പൈകട, സംസ്ഥാന ജോ. സെക്രട്ടറി ബി. ജയകൃഷ്ണൻ, ഇടുക്കി ജില്ല പ്രസിഡന്റ് ബേബി ജോർജ്ജ്, ജില്ലാ ഭാരവാഹികൾ, ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീമതി. ലിസിയമ്മ സാമുവൽ എന്നിവരും സന്നിഹിതരായിരുന്നു.

ഭരണഭാഷ–മാതൃഭാഷ

അടിയന്തിരം

**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്
Email: lsgdrc15@gmail.com, Phone 0471-2518630

തസ്വഭവ–ആർ.സി./2/165/2022 തസ്വഭവ

05.08.2024, തിരുവനന്തപുരം

പ്രേഷകൻ:
**പ്രിൻസിപ്പൽ സെക്രട്ടറി**

സ്വീകർത്താവ്:
**പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.**

സർ,

**വിഷയം:** **തദ്ദേശ സ്വയംഭരണ വകുപ്പ് – വ്യവസായ പാർക്കുകളിലെ വസ്തു നികുതി പിരിവ് തൽക്കാലം നിർത്തി വെയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്**

**സൂചന:**
1. **09.11.2022 ലം ഇതേ നമ്പർ സർക്കാർ കത്ത്.**
2. **തസ്വഭവ (അർബൻ) ഡയറക്ടറുടെ 10.11.2022 ലെ DUA/10257/2022G2 നമ്പർ കത്ത്**
3. **വ്യവസായ ഏരിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് 07.06.2023–ൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയും, ബഹു. വ്യവസായ വകുപ്പ് മന്ത്രിയും സംയുക്തമായി നടത്തിയ യോഗത്തിന്റെ നടപടിക്കുറിപ്പ്**
4. **വ്യവസായ പാർക്കുകളിലെ വസ്തു നികുതി പിരിവ് സംബന്ധിച്ച് വ്യവസായ വാണിജ്യ ഡയറക്ടറും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറും സർക്കാരിൽ സമർപ്പിച്ച ജോയിന്റ് റിപ്പോർട്ട്**
5. **പി.പി.പി. മോഡൽ വ്യവസായ എസ്റ്റേറ്റ് രൂപികരിക്കുന്നതിനുള്ള മാർഗ്ഗരേഖയുടെ അംഗീകാരവുമായി ബന്ധപ്പെട്ട് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയും ബഹു. വ്യവസായ വകുപ്പ് മന്ത്രിയും സംയുക്തമായി 01.07.2024 ന് നടത്തിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.**

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (4) –ലെ സംയുക്ത റിപ്പോർട്ടിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 1994 –ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 1 ലെ വ്യവസ്ഥ 2 സംബന്ധിച്ച് പഞ്ചായത്ത് രാജ് നിയമത്തിൽ ഒരു ഭേദഗതി കൊണ്ടു വരുന്നത് സർക്കാർ പരിശോധിച്ചു വരികയാണ്. പ്രസ്തുത ഭേദഗതി നടപ്പിൽ വരുന്നതുവരെ വ്യവസായ ഏരിയ, എസ്റ്റേറ്റ്, പ്ലോട്ട് എന്നിവിടങ്ങളിൽ നിന്നും നികുതി പിരിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന നടപടികൾ നിർത്തി വയ്ക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം അടിയന്തിരമായി നൽകേണ്ടതാണ്.

വിശ്വസ്തതയോടെ
**ജയകുമാരി.പി.**
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി
അംഗീകാരത്തോടെ
സെക്ഷൻ ഓഫീസർ
Signed by:- Pradeesh M.

Date: 05.08.2024

# ജില്ലാ വാർത്തകൾ




കെ.എസ്.എസ്.ഐ.എ. കൊല്ലം താലൂക്ക് കമ്മിറ്റിയുടെ വാർഷിക പൊതുയോഗം സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിക്കുന്നു.



കെ.എസ്.എസ്.ഐ.എ.സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ കെ.എസ്.പി.സി.ബി. ചീഫ് എൻവയോൺമെന്റൽ എഞ്ചിനിയർ ശ്രീമതി. ബിന്ദുവുമായി വ്യവസായികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നു




കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ഇൻവെസ്റ്റ്മെന്റ് കോൺക്ലേവ് 2024 – നെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുന്നു



എസ്.എം.ബി. എന്റർപ്രൈസസ്, ആലുവ നിർമ്മിച്ച മൾട്ടിലയർ കമ്പോസ്റ്റ് ബിന്നിന്റെ ഉദ്ഘാടനം കെ.എസ്.എസ്.ഐ.എ. സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ.ജോസ് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു

# കേന്ദ്ര ബഡ്ജറ്റ് - പ്രധാന പ്രഖ്യാപനങ്ങൾ

1. മുദ്രാവായ്പാ പരിധി 10 ലക്ഷത്തിൽ നിന്നും 20 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു.
2. ഇൻകം ടാക്സ് സ്റ്റാൻഡേർഡ് ഡിഡക്ഷൻ 50,000 രൂപയിൽ നിന്നും 75,000 രൂപയായി ഉയർത്തി.
3. 100 നഗരങ്ങളിൽ വ്യവസായ പാർക്കുകൾ ആരംഭിക്കും.
4. പുതിയതായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് ഒരു മാസത്തെ ശമ്പളവും, ഒരു മാസത്തെ പി.എഫ്. വിഹിതവും കേന്ദ്രം നല്കും.
5. തൊഴിൽ, നൈപുണ്യ വികസനം, ഊർജ്ജം, അടിസ്ഥാന സൗകര്യവികസനം തുടങ്ങിയവയ്ക്ക് മുൻഗണന
6. എല്ലാ പ്രധാന എം.എസ്.എം.ഇ. ക്ലസ്റ്ററുകളിലും മൂന്ന് വർഷത്തിനുള്ളിൽ സിഡ്ബിയുടെ പുതിയ ശാഖകൾ തുറക്കും.
7. എം.എസ്.എം.ഇ. മേഖലയിൽ ഭക്ഷ്യ സുരക്ഷ ഗുണനിലവാര പരിശോധന കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള സൗകര്യമൊരുക്കും.
8. എം.എസ്.എം.ഇ. കളുടെ ഉല്പന്നങ്ങൾ അന്താരാഷ്ട്ര വിപണിയിൽ മാർക്കറ്റിങ്ങിന് പ്രാപ്തരാക്കാൻ പി.പി.പി. മോഡൽ ഇ–കോമേഴ്സ് കയറ്റുമതി ഹബ്ബുകൾ സ്ഥാപിക്കും.
9. സംരംഭകരുടെതല്ലാത്ത കാരണം കൊണ്ട് പ്രതിസന്ധിയിലാകുന്ന സംരംഭങ്ങൾ പുനരുദ്ധരിക്കുന്നതിനും. വിപുലീകരിക്കുന്നതിനും 100 കോടി രൂപ വരെ മെഷിനറികൾ വാങ്ങുന്നതിന് ക്രെഡിറ്റ് ഗ്യാരന്റി പദ്ധതി നടപ്പാക്കും. ഈട് മൂന്നാം കക്ഷി ഗ്യാരന്റി ഇല്ലാതെയുള്ള വായ്പാ പദ്ധതിയാണിത്.

# ജില്ലാ വാർത്തകൾ



ഒരു കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള പുതിയ സംരംഭകരുമായി ഇന്ററാക്ഷൻ പ്രോഗ്രാമിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ സംരംഭകരുമായി സംസാരിക്കുന്നു.




കെ.എസ്.എസ്.ഐ.എ. ഇടുക്കി ജില്ലയുടെ ആനുവൽ ജനറൽ ബോഡി യോഗത്തിൽ ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടന പ്രസംഗം നടത്തുന്നു.



കെ.എസ്.എസ്.ഐ.എ. ഇടുക്കി ജില്ലയുടെ ആനുവൽ ജനറൽ ബോഡി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് മുഖ്യപ്രഭാഷണം നടത്തുന്നു.




കെ.എസ്.എസ്.ഐ.എ. തിരുവനന്തപുരം ജില്ലയുടെ ആനുവൽ ജനറൽ ബോഡി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീന് ജില്ല പ്രസിഡന്റ് കെ.എസ്.പ്രദീപ് കുമാർ മെമെന്റോ നല്കി ആദരിക്കുന്നു.




മുണ്ടക്കൽ കിൻഫ്രാ യുണിടേസ്റ്റ്സ് ഫുഡ് പ്രോസ്സസിങ്ങ് പ്ലാന്റിന്റെ ഉത്ഘാടന ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ ആശംസാ പ്രസംഗം നടത്തുന്നു.



കിൻഫ്ര കാക്കനാട് ഓഫീസിൽ വച്ച് IIIE 2024 നെ സംബന്ധിച്ച് കിൻഫ്ര ജനറൽ മാനേജർ ശ്രീമതി അമ്പിളി മാധത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ, IIIE ചെയർമാൻ കെ.പി. രാമചന്ദ്രൻ നായർ, സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ. ജോസ്, മറ്റു സംസ്ഥാന ഭാരവാഹികൾ, കിൻഫ്ര മാനേജർ Smt. Gheesha, പാലക്കാട് ജില്ല മാനേജർ, മെട്രോ മാർട്ട് പാർട്ണർ സിജി നായർ, ഊരാളിങ്കൽ സൊസൈറ്റിയുടെ പ്രോജക്ട് മാനേജർ, മറ്റു പ്രതിനിധികൾ എന്നിവർ പ്രസ്തുത ചർച്ചയിൽ പങ്കെടുത്തു.

sidbi



# FINANCING END TO END ENERGY EFFICIENCY (4E) INVESTMENTS IN MSMES

## OBJECTIVE

To provide financial assistance to MSMEs engaged in the reduction of greenhouse gases(GHGs) from their operations and support Sustainable Development Goals (SDGs)

## Target Sectors & Eligible Projects

- Manufacturing and service sectors
- Energy efficient machineries/technologies
- Renewable Energy Projects

## Loan Amount

- Upto 100% funding with cash collateral in the form of SIDBI FDR
- Minimum loan - Rs.10 lakhs and
- Maximum Loan - Rs.5 crores

## Eligibility

- Minimum 1 year of operation
- The borrowers should not have defaulted to any Banks/Financial Institutions

## Key Features

- Concessional interest rate as per rating
- Repayment: up to 60 months
- Moratorium : upto 6 months
- Quicker sanction


## Benefits to MSMEs

- Better profitability by reduction in energy & fuel cost upto 25%
- Risk sharing facilities available for EE Projects
- Reimbursement of cost of detailed energy audits upto 70% energy audit fees paid subject to certain conditions



**To Know more, visit our nearest branch. Locate us at: www.sibdi.in**
Follow us on SIDBIofficial sidbiofficial sidbiofficial SIDBI Official
SIDBI (Small Industries Development Bank of India)
**Small Industries Development Bank of India,**
**Green Climate and Energy Efficiency Centre,**
10th Floor, Atma Ram House, 1 Tolstoy Marg, New Delhi-110001
Telephone: 011-2344 8300 I E-mail: eec_credit@sidbi.in

25th August 2024, Kalamassery
Regn. No. KERBIL/2005/23143
KSSIA NEWS
Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
Licensed to Post without Pre-payment KL/CR/EKM/WPP-3/2023-25
Price ₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.